സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, 2011-12-ൽ ഏറ്റവും ശ്രദ്ധേയമായ കാര്യം പറയാനുള്ളത് ഖാദി വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന പാവപ്പെട്ട ഖാദി തൊഴിലാളികളുടെ വരുമാനത്തെ സംബന്ധിച്ചാണ്. ഗവൺമെന്റിന്റെ ഇൻകം സപ്പോർട്ട് സ്കീം അനുസരിച്ച് മിനിമം വേജസും പ്രൊഡക്ഷൻ ഇൻസെന്റീവും ഖാദി തൊഴിലാളികൾക്ക് കൊടുത്തിരിക്കുകയാണ്. ഖാദി തൊഴിലാളികൾക്ക് ഒരു കൊല്ലത്തിൽ എല്ലാ ദിവസവും പണികിട്ടുന്നുണ്ട്. 200 രൂപ മുതൽ 250, 300 രൂപയ്ക്ക് മുകളിൽ കൂലി കിട്ടുന്നുണ്ട്. ഒരുകാലത്ത് നൂറുരൂപവരെ കിട്ടാത്ത സാഹചര്യമുണ്ടായിരുന്നു. ഇപ്പോൾ ഈ രംഗത്ത് വളരെയധികം തൊഴിലാളികൾ വരുന്നു. കുറേയാളുകൾ ജോലി വേണ്ടെന്ന് പറഞ്ഞു വിട്ടുപോയിരുന്നു. 2011-12-ൽ അവർ മടങ്ങി വരുകയാണ്. 1500 -നും 2000-നും ഇടയ്ക്കുള്ള ആർട്ടിസൻസ് മടങ്ങിവരുകയാണ്. ഉത്പാദന രംഗത്തും ഖാദിയുടെ വിൽപ്പനരംഗത്തും വളരെയധികം കുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ട്. വളരെയധികം ആളുകൾ ഖാദി വസ്ത്രം ധരിക്കാൻ ആഗ്രഹിക്കുന്നുണ്ട്. ഖാദിയുടെ വിലപിടിച്ചുനിറുത്തുന്നതിന് കേരള ഗവൺമെന്റ് സ്ഥിരമായി പത്ത് പൈസയും ഉത്സവകാലത്ത് 108 ദിവസം പത്ത് പൈസയും, സ്ഥാപനങ്ങൾ എം.ഡി.ഐ-ൽ നിന്നുള്ള സംഖ്യ ഉപയോഗിച്ചുകൊണ്ട് കൊല്ലത്തിൽ മുഴുവൻ ദിവസവും പത്ത്

ശതമാനം റിബേറ്റ് കൊടുക്കുകയും അങ്ങനെ 20 ശതമാനം സ്ഥിരമായ റിബേറ്റും, 108 ദിവസം പത്ത് ശതമാനം റിബേറ്റും ഉൾപ്പെടെ ഖാദി വാങ്ങിക്കുന്നവർക്ക് ആശ്വാസം കൊടുക്കുന്നുണ്ട്. ഖാദി രംഗത്ത് തൊഴിലാളിക്ക് അദ്ധ്വാനഭാരം കുറയ്ക്കുന്നതിനുവേണ്ടി ശ്രീ. ഗോപിനാഥൻ നായർ കമ്മിറ്റിയുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഖാദിയുടെ ചർക്കയിൽ ചില മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചു. ഇപ്പോൾ സ്ത്രീകൾ ചർക്ക തിരിച്ച് വളരെ ബുദ്ധിമുട്ടുന്നുണ്ട്. പാവപ്പെട്ട തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കാൻ വേണ്ടി പവ്വർ വരെ ഉപയോഗിക്കാൻ ഗാന്ധിയനായ ശ്രീ. ഗോപിനാഥൻ നായർ സമ്മതിച്ചിരിക്കുകയാണ്. അതുപോലെ തറിയുടെ കാര്യത്തിൽ........ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി റെഡിമെയ്ഡ് പാവ് കൊടുക്കത്തക്ക രീതിയിലുള്ള സാഹചര്യം ഭാഗികമായി നടന്നുവരുകയാണ്. അതുകൊണ്ട് കഴിഞ്ഞ കൊല്ലം ഖാദി-ഗ്രാമ വ്യവസായ മേഖലയിൽ 4737 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ ഖാദി രംഗത്തുള്ള പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഗോപിനാഥൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പുതിയ തൊഴിൽ കൊടുക്കുന്നതിനുമായുള്ള വ്യവസ്ഥകൾ 2011-12 മുതൽ ആരംഭിച്ചുവരുകയാണ്. ഈ സമയത്ത് കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡിൽനിന്ന് സി.ബി.സി. പദ്ധതി പ്രകാരം വായ്പയെടുത്തവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഏർപ്പെടുത്തി.

317.67 ലക്ഷം രൂപ വായ്പ കുടിശ്ശിക ഉണ്ടായിരുന്നത് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പിഴപ്പലിശ ഇനത്തിൽ 106 ലക്ഷം രൂപ ഇളവു നൽകിയിട്ടുണ്ട്. അതുപോലെ പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതികാർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി സിൽക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അങ്ങനെ പല പദ്ധതി കളും 2011-ൽ ആരംഭിച്ചിട്ടുണ്ട്. ഞാൻ എല്ലാ കാര്യങ്ങളും പറയുന്നില്ല. 2012-13 വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചില കാര്യങ്ങൾ മാത്രം പറഞ്ഞ് അവസാനിപ്പിക്കാം. ഖാദി തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീമിൽ ഇക്കൊല്ലം 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നല്ല രീതിയിൽ ഖാദി തൊഴിലാളികൾക്ക് ആ സ്കീം അനുസരിച്ച് തൊഴിൽ കൊടു ക്കാനും കൂലി കൊടുക്കാനും കഴിയും. പാലക്കാട്, മലപ്പുറം, കോഴി ക്കോട് ജില്ലകൾക്കുവേണ്ടി ഖാദി ക്ലസ്റ്റർ സ്ഥാപിക്കുന്നതാണ് ഇതിനായി 149 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഖാദി ബോർഡിന്റെ കുറേയധികം സ്ഥലം ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. അവിടെ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി ഗ്രാമവ്യവസായ പാർക്കുകൾ സ്ഥാപി ക്കുന്നതിന്, പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടു കൊണ്ട് കൊല്ലം ജില്ലയിലെ കാവനാട് ഗ്രാമവ്യവസായ പാർക്കിനായി അമ്പത് ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഖാദി നൂൽപ്പു കാർക്കും നെയ്ത്തുകാർക്കും ഉത്പാദന ഇൻസെന്റീവ് നൽകുന്നതിനും

നെയ്ത്തുമേഖല ശക്തിപ്പെടുത്തുന്നതിനുമായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതുപോലെ പ്രധാനമന്ത്രിയുടെ തൊഴിൽദാന പരിപാടിക്ക് അനുസൃതമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും അമ്പതിനായിരം രൂപ മുതൽ അഞ്ചുലക്ഷം രൂപ വരെ പ്രൊജക്ട് ചെലവുവരുന്ന ഖാദി-ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 40 ശതമാനം വരെ മാർജിൻ മണിയായി നൽകുന്നതിനായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അങ്ങനെയുള്ള പ്രധാനപ്പെട്ട കാര്യങ്ങളൊക്കെ ഈ കൊല്ലത്തിൽ 2012-13 കാലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. വളരെയധികം പരിപാടികളുണ്ട്, സമയം കുറവായതുകൊണ്ട് മേശപ്പുറത്തുവയ്ക്കുന്നു. ഖാദി രംഗത്ത് വളരെയധികം മാറ്റങ്ങൾ ഉൾകൊണ്ടുകൊണ്ട് പാവപ്പെട്ട തൊഴിലാളിക്ക് അദ്ധ്വാനഭാരം കുറച്ച് തൊഴിലവസരം സൃഷ്ടിക്കുന്നതിനും കൂലി വർദ്ധനവ് വരുത്തുന്നതിനുമുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : സർ, വ്യവസായ വകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥന സമയത്ത് ബഹുമാനപ്പെട്ട മെമ്പർമാർ നൽകിയ നിർദ്ദേശങ്ങൾക്കും പിന്തുണകൾക്കും ക്രിയാത്മകമായ വിമർശനങ്ങൾക്കുമൊക്കെ പ്രത്യേകം ഞാൻ നന്ദി പറയുകയാണ്. ഇവിടെ വ്യവസായ രംഗത്ത് നമ്മൾ എല്ലാവരുംകൂടി കേരളത്തിന്റെ വളർച്ചയ്ക്കുവേണ്ടി വികസനത്തി നുവേണ്ടി കാലാകലങ്ങളിൽ മാറി മാറി വന്ന ഗവൺമെന്റുകൾ ശ്രമിച്ചി ട്ടുണ്ട്. പഴയകാലത്ത് മൺമറഞ്ഞുപോയ നേതാക്കന്മാരുടെ കാലത്ത് അവർ ആകുന്ന വിധമൊക്കെ ശ്രമിച്ചിട്ടുണ്ട്. അതാത് കാലഘട്ടങ്ങളിൽ കുറെയൊക്കെ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ കുറെ പോരായ്മകൾ ഓരോ കാലഘട്ടങ്ങളിലും വന്നിട്ടുമുണ്ട്. അതൊരു സത്യമാണ്. അതേ അവസരം കേരളത്തിന്റെ ഒരു പൊട്ടൻഷ്യൽ അനുസ രിച്ച് കേരളത്തിന് സാധിക്കുമായിരുന്ന ലെവലിലേയ്ക്ക് കേരളത്തെ കൊണ്ടുപോകാൻ കഴിഞ്ഞോ എന്നുള്ളതാണ് പ്രധാന ചോദ്യം. പൊതു വിൽ വിദഗ്ദ്ധന്മാരുടെ അഭിപ്രായമെന്നുപറയുന്നത് പലകാരണങ്ങളാൽ അത് സാധിച്ചിട്ടില്ല എന്നാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേ ക്ഷിച്ച് കേരളത്തിന് സ്ട്രെങ്ത്തുണ്ടായിരുന്നു, ഇപ്പോഴുമുണ്ട്. സാക്ഷരത, ലോക അറിവുകൾ, ലോകം മുഴുവൻ സഞ്ചരിക്കുന്ന മലയാളി അങ്ങനെ ഒരുപാട് കാര്യങ്ങൾ കേരളത്തിന് സട്രെങ്ത്തായി ട്ടുണ്ട്. അതിനനുസരിച്ച് ലോക സ്ഥിതിയൊക്കെ എല്ലാ കാലത്തും

മാറിമാറി വന്നുകൊണ്ടിരിക്കും. ബൂം വരും റിസഷൻ വരും. ഇന്ത്യയിലും ബൂം-ഉം റിസഷനുംവരും അതൊക്കെയാണെങ്കിലും ശരി ഇന്ത്യൻ സംസ്ഥാനങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. അതുവച്ചു നോക്കുമ്പോൾ കേരളത്തിന് അതേ രീതിയിലുള്ള ഒരു ഡെവലപ്മെന്റ് സാധ്യമായിട്ടില്ല. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും ആയുർ ദൈർഘ്യത്തിലും വളർന്ന് പലതുമുണ്ടായി. പക്ഷേ സാമ്പത്തിക വളർച്ച ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതൊരു വസ്തുതയാണ്. താരതമ്യേന സാമ്പത്തിക വളർച്ചയുംകൂടി അതിന്റെ ഒപ്പം പോയിരുന്നുവെങ്കിൽ നമ്മുടെ സാമൂഹ്യക്ഷേമ പദ്ധതികളൊക്കെ വളരെ നല്ല നിലയ്ക്ക് നടത്താനാകുമായിരുന്നു. അതായത് പന്ത്രണ്ടായിരമോ പതിമൂന്നായിരമോ കോടി രൂപയുടെ വാർഷിക പദ്ധതികൾവച്ച് വലിയ അത്ഭുതങ്ങൾ കാണിക്കുമെന്നുള്ള തരത്തിൽ മാറിമാറി വരുന്ന നമ്മൾ ഇങ്ങനെ അപ്പുറത്തും ഇപ്പുറത്തും പറഞ്ഞതുകൊണ്ട് കാര്യമൊന്നുമില്ല. സാമൂഹ്യക്ഷേമ പദ്ധതികൾക്കും സാമൂഹിക സപ്പോർട്ട് കൊടുക്കുന്ന കാര്യങ്ങൾക്കും സമ്പത്ത് വേണം. സമ്പത്ത് ഉണ്ടായാലെ വേണ്ട വിധം കൊടുക്കാൻ കഴിയുകയുള്ളു. ഡെവലപ്ഡ് രാജ്യങ്ങളിൽ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് നാമമാത്രമായിട്ടല്ല കൊടുക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് നാമമാത്രമായ സപ്പോർട്ടേയുള്ളു. 100 രൂപയായിരുന്നു പെൻഷൻ. അത് വർദ്ധിപ്പിച്ചു എന്നുപറയുമ്പോൾ, 120 രൂപയോ 130 രൂപയോ ആക്കും. കാരണം, നമ്മുക്ക് പണമില്ല, കേന്ദ്ര ഗവൺമെന്റ് തരണം. അല്ലെങ്കിൽ മറ്റ് എന്തെ

ങ്കിലും രീതിയിൽ കിട്ടണം. അത്തരത്തിലുള്ള ഒരു സ്ഥിതി മാറണമെങ്കിൽ സാമ്പത്തിക വളർച്ച ഉണ്ടാകണമായിരുന്നു. ഭൂമുഖത്ത് സാമ്പത്തികമായി വളർന്ന രാജ്യങ്ങളൊക്കെ നമ്മൾ കാണുന്നുണ്ട്. അവിടെയൊക്കെ വ്യാവസായിക വളർച്ചയുണ്ടായി, അല്ലെങ്കിൽ മറ്റുമേഖലയിൽ വളർച്ചയുണ്ടായി. ജപ്പാനും അതുപോലുള്ള രാജ്യങ്ങളും പലതരത്തിലുള്ള വ്യവസായിക വളർച്ച കൊണ്ടാണ് ഇന്നത്തെ സ്ഥിതി കൈവരിച്ചത്. ഇന്ത്യൻ സംസ്ഥാനങ്ങളിൽവച്ച് താരതമ്യേന കൂടുതൽ സ്ട്രെങ്ത്തുള്ള ഒരു സ്റ്റേറ്റായിരുന്നു കേരളം. എന്തുകൊണ്ട് അത് കൈവരിക്കാൻ നമുക്ക് സാധിച്ചില്ല? ഇന്ത്യയിൽ ഏറ്റവും കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങളുള്ള സ്റ്റേറ്റ് കേരളമാണ്. ഒരുകാലത്ത് അത് വലിയ സംഭവമായിരുന്നു. ആ സമയത്ത് പണം പമ്പ് ചെയ്യാനുണ്ടായിരുന്നു. അങ്ങനെതന്നെ പോവുകയാണെങ്കിൽ വളരെ നല്ലത്. പക്ഷേ അങ്ങനെ പോകാൻ കഴിയുമോ? ഇഷ്ടംപോലെ പണം ഉണ്ടെങ്കിൽ മാത്രമെ ഒരുപാട് പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങാൻ കഴിയുള്ളു. അതുകൊണ്ടാണ് പ്രൈവറ്റ് നിക്ഷേപം വേണമെന്നു പറയുന്നത്. ഇപ്പോൾ ചൈന പരീക്ഷിച്ചു. സാധിക്കില്ലെന്ന് വന്ന ഒരു ഘട്ടത്തിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കാൻവേണ്ടി പരിക്ഷണാർത്ഥം ചില മേഖലകളിൽ തുടങ്ങി. ട്രെയ്ഡ് സോൺസ് അവിടെ ധാരാളം വന്നു. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണനും ഞങ്ങളുമൊക്കെ പോയി കണ്ടിട്ടുള്ളതാണ്. അവിടെ പരീക്ഷണാടിസ്ഥാനത്തിൽ

തുടങ്ങിയത് വലിയ വിജയമായി. രാജ്യത്ത് ഒരുപാട് ഉല്പാദനം വർദ്ധിച്ചു.

മി.സ്പീക്കർ : അവിടെപ്പോയി കണ്ടിട്ട് വല്ല പ്രയോജനവും ഉണ്ടായോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: വലിയ ഗുണമൊന്നും ഉണ്ടായില്ലാ എന്നത് ഒരു വസ്തുതയാണ്. കേരളത്തിൽ ആളോഹരി വരുമാനം വർദ്ധിക്കണം. കേരളത്തിന്റെ ഖജനാവിലേയ്ക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് പണം കൊടുക്കാൻ കഴിയുമാറ് ധനകാര്യ വകുപ്പിന് പൈസ കിട്ടുമാറ് ഇവിടെ വ്യവസായിക വളർച്ച ഉണ്ടാകണം. ചൈന ചെയ്യുന്നതും അതുതന്നെയാണ്. ലോകം മുഴുവനുമുള്ള കൺസ്യൂമർ മാർക്കറ്റ് ചൈന കീഴടക്കി. ആ കൺസ്യൂമർ മാർക്കറ്റിൽനിന്ന് കിട്ടുന്ന പണം ഗ്രാമങ്ങളിൽ സാമൂഹ്യ സുരക്ഷയ്ക്ക് കൊടുക്കുകയാണ്. അതാണ് ഇത്രയധികം ജനസംഖ്യയുള്ള ചൈന ഒരു പ്രോബ്ലവും ഇല്ലാതെ കഴിയുന്നതിന്റെ ഒരു കാരണം. എങ്ങനെയായാലും കാശ് വേണം. പണമില്ലാതെ ഒന്നും നടക്കുകയില്ല. ചൈനയ്ക്ക് വളരെ നല്ലൊരു പോളിസിയുണ്ടായിരുന്നു. എല്ലാവർക്കും ഭക്ഷണമെന്നത് കാലാകാലം കൊണ്ടുപോകാൻ കഴിഞ്ഞോ? കഴിയില്ല. അതുകൊണ്ടു തന്നെ കേരളത്തിന് കുറച്ചുകൂടി സാമ്പത്തിക വളർച്ച അനിവാര്യമാണ്. കഴിഞ്ഞ ഗവൺമെന്റും ഞങ്ങളും തമ്മിലുള്ള ഒരു വ്യത്യാസം ഇതാണ്. 1991-96 കാലത്ത് ഞാൻ വ്യവസായ മന്ത്രിയായിരുന്നു, 2001-06 കാലത്ത്

മന്ത്രിയായിരുന്നു, ഇപ്പോൾ വീണ്ടും വന്നു. അപ്പോഴൊക്കെ ഇങ്ങനെ ജിം, എമർജിംഗ് കേരള എന്നൊക്കെ പറഞ്ഞ് എന്തെങ്കിലും വ്യവസായ നയവുമായി വരുന്നതിന്റെ ഒരു കാരണം ഇതാണ്. 'നാഴിയുരി പാലുകൊണ്ട് നാടാകെ കല്യാണം' അതാർക്കും നടത്താം. കിട്ടുന്ന ബഡ്ജറ്റുകൊണ്ട് ഇങ്ങനെ നോക്കിനടത്തി പോവുക, ഒരു ആക്ഷേപ ത്തിനും പോകണ്ട എന്നാണെങ്കിൽ അത് എല്ലാവർക്കും കഴിയും. അതു കൊണ്ട് കാര്യമില്ല. മറ്റുള്ളവരുടെ കീശയിൽ കിടക്കുന്ന പണം ഇവിടെ കൊണ്ടുവന്ന് നിക്ഷേപിച്ച് സ്റ്റേറ്റിനെ വികസിപ്പിക്കാൻ കഴിഞ്ഞാൽ മാത്രമേ നമുക്ക് പറയത്തക്ക സാമ്പത്തിക വളർച്ച ഉണ്ടാവുകയുള്ളു. നമ്മുടെ ബഡ്ജറ്റുകൊണ്ട് ആവുകയില്ല. മൊത്തം പദ്ധതി അടങ്കലിന് ഒരു കണക്കില്ലേ; സാമ്പത്തിക വളർച്ച വേണമെന്നുണ്ടെങ്കിൽ ശ്രമിക്കേ ണ്ടിവരും. അതുകൊണ്ടാണ് എമർജിംഗ് കേരള-യും ജിം-ഉം ഒക്കെ വന്നത്. നമ്മൾ മാത്രമല്ലല്ലോ, കർണ്ണാടക വളരെ സക്സസ്ഫുള്ളായി. കർണ്ണാടകയുടെ ബഡ്ജറ്റിലേയ്ക്കുള്ള വരുമാനത്തിന്റെ ഏതാണ്ട് 30 ശതമാനവും ബാംഗ്ലൂർ ബെയ്സ് ചെയ്ത് പ്രവർത്തിക്കുന്ന ഐ.ടി. വ്യവ സായത്തിൽനിന്നുമാത്രം ഉണ്ടാക്കാൻ ഇന്ന് കഴിയുന്നു. അവിടെ കോൺഗ്രസ്സിന്റെ കാലത്താണ് ബാംഗ്ലൂർ ഏറ്റവും വലിയ നിക്ഷേപ കേന്ദ്രമായി മാറിയത്. അവിടത്തെ എസ്.എം. കൃഷ്ണയെ ലോക ത്തിനുതന്നെ അറിയാവുന്ന ആളാണ്. അതുപോലെതന്നെ ഇടതുപ

ക്ഷത്ത് നിൽക്കുന്ന ശ്രീ. നായിഡുവിന്റെ പരിഷ്ക്കാരം വിജയമായിരുന്നു. വരുമാനം കിട്ടിയില്ലെങ്കിൽ യാതൊന്നും ചെയ്യാൻ പറ്റില്ല. വാസ്തവത്തിൽ സാമ്പത്തിക വളർച്ചയിലാണ് നമ്മൾ പുറകോട്ടുപോയത്. അതിനാണ് 'എമർജിംഗ് കേരള' കൊണ്ട് ശ്രമിക്കുന്നത്. ലോകത്ത് പലരുടെ കയ്യിലും ടെക്നോളജിയുണ്ട്, ഇപ്പോൾ നിക്ഷേപം വരേണ്ടത് സാങ്കേതിക വിദ്യയുടെ കൂടെയാണ്. നമ്മൾ ഉദ്ദേശിക്കുന്നതുപോലെയല്ല. ന്യൂ ജനറേഷൻ എന്നുപറയുമ്പോൾ, പുതിയ പല വിദ്യകളും മാർഗ്ഗങ്ങളുമുണ്ട്. ഐ.ടി. മേഖലയിൽ എത്രയോ അധികം മാറ്റങ്ങൾ ഇനി വരാനിരിക്കുന്നു. കുട്ടികൾ പുസ്തകങ്ങളും നോട്ടുബുക്കുകളുമായി സ്ക്കൂളിൽ പോകുന്ന രീതി മാറിക്കിട്ടണ്ടേ? ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ കുട്ടിക്ക് ഒരു ഐ-പാഡ് മാത്രം മതി. എല്ലാ ബുക്കുകളും ആ ഐ-പാഡ്-ൽ ലഭിക്കും. അത് നമുക്ക് അറിയാത്ത കാര്യമല്ല. ഇത് പൂർണ്ണമായി നമ്മുടെ വിദ്യാലയങ്ങളിൽ നടപ്പിലാക്കണ്ടേ? അത് സാങ്കേതികവിദ്യ ലോകത്ത് വരുത്തുന്ന റെവല്യൂഷനാണ്. 8, 9, 10 എന്നീ ക്ലാസ്സുകളിലെ എല്ലാ ബുക്കുകളും വേണമെങ്കിൽ ഒരു ഐ-പാഡിനകത്ത് ആക്കി കൊണ്ടുപോകാം.

<u>ശ്രീ. ജി. സുധാകരൻ:</u> നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽക്കൂടി ആധുനികവൽക്കരണം, ടെക്നോളജി എന്നിവ പഠിപ്പിക്കുന്നത് നല്ല കാര്യമാണ്. പക്ഷെ ഇന്ത്യയുടെ വ്യാവസായിക അടിത്തറ ഉണ്ടാക്കുകയും സാമൂഹിക നീതിക്ക് ഇന്നും പ്രയോജനം ചെയ്യുകയും ചെയ്യുന്ന നെഹ്റുവിന്റെ കാലത്തെ നയങ്ങൾ വെറും പഴഞ്ചനായിരുന്നു

വെന്നും അത് മാറ്റണമെന്നുമുള്ളതിനെപ്പറ്റി അങ്ങയുടെ, സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം പറയുമോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: ഈ സാങ്കേതിക വിദ്യകളൊന്നും നെഹ്റുവിന്റെ കാലത്ത് ഇല്ലല്ലോ; ഇപ്പോൾ അത് പറഞ്ഞിട്ട് വല്ല കാര്യ വുമുണ്ടോ; അന്നത്തെ നയം അന്നത്തെ സ്ഥിതിക്ക് ശരിയാണ്. ഇന്നത്തെ കാര്യമാണ് ഞാൻ പറയുന്നത്. കേരളത്തിൽ നല്ല പൊട്ടൻഷ്യ ലുണ്ട്. ഓരോ മേഖലയിലും നിക്ഷേപം വരണം. അടിസ്ഥാന സൗകര്യ വികസനം ഉണ്ടാകണം. നല്ല നിക്ഷേപം കിട്ടാൻ സാധ്യതയുള്ള സംഗതി യാണ്. കായലുകൾ ശുദ്ധീകരിക്കണം, സോളിഡ് വേസ്റ്റ് റിമൂവ് ചെയ്യണം എന്നൊക്കെ ഇവിടെ പറഞ്ഞു. ഇതൊക്കെ ഇപ്പോഴത്തെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഗവൺമെന്റിന്റെ പണം ഉപയോഗിക്കാതെ ചെയ്യാം.

ശ്രീ. ഹൈബി ഈഡൻ: 'സ്റ്റാർട്ട് അപ് വില്ലേജുകൾ' തുടങ്ങുന്ന തിനുവേണ്ടി കേരളത്തിൽ വലിയ മുന്നേറ്റം നടന്നുകൊണ്ടിരിക്കുക യാണ്. ക്രിസ് ഗോപാലകൃഷ്ണനെപ്പോലുള്ള ആൾക്കാർ കിൻഫ്രയിൽ വലിയ ഇൻവെസ്റ്റുമെന്റ് നടത്തിയിരിക്കുകയാണ്. ബ്ലാക്ക്ബെറിയുടേയും മൈക്രോസോഫ്റ്റിന്റേയുമൊക്കെ പുതിയ കമ്പനികൾ അവിടെ വരിക യാണ്. നമ്മുടെ എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥിക ളെയാണ് അവർ ടാർജറ്റ് ചെയ്തിരിക്കുന്നത്. അവർക്ക് പ്രോജക്ട് ഓറി യന്റഡ് ആയ ഒരുപാട് പരിപാടികളുണ്ട്. ഇവരുടെ കരിക്കുലത്തിന്റെ

ഭാഗമായി ഈ മേഖലയെക്കൂടി ഉൾപ്പെടുത്തണം. സിലബസിൽ നോക്കി പഠിക്കുന്ന സമ്പ്രദായം കേരളത്തിൽ മാത്രമേയുള്ളു. മറ്റ് സംസ്ഥാനങ്ങളിലും രാജ്യങ്ങളിലുമുള്ളതുപോലെ അവരുടെ ഒരുപാട് ക്രിയേറ്റീവ് എഫർട്ട് ഇതിലേക്ക് കൊണ്ടുവന്നാൽ ധാരാളം മാറ്റങ്ങൾ ഇതിൽ ഉണ്ടാക്കാൻ സാധിക്കും. ഇതിനെ ഇൻകോർപ്പറേറ്റ് ചെയ്തുകൊണ്ട് കരിക്കുലത്തിന്റെ കൂടി ഭാഗമാക്കാൻ നമുക്ക് സാധിക്കുമോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സാധിക്കും. ശ്രീ. ഹൈബി ഈഡൻ പുതിയ തലമുറയുടെ റെപ്രസന്റേറ്റീവാണ്. സ്റ്റാർട്ട് അപ് വില്ലേജിനെക്കുറിച്ച് പറഞ്ഞു. ക്രിസ്ഗോപാലകൃഷ്ണനൊക്കെ വന്ന് എറണാകുളത്ത് തുടങ്ങിയത് വളരെ സ്കോപ്പുള്ള സംഗതിയാണ്. ആർക്കെങ്കിലും ആശയം ഉണ്ടെങ്കിൽ കയ്യിൽ കാശും അത് ചെയ്യാനുള്ള സംവിധാനവുമില്ലെങ്കിൽ അവർക്ക് അത് നടപ്പിലാക്കാനാവില്ല. അങ്ങനെയുള്ളവർക്ക് 'വെഞ്ചർ ക്യാപ്പിറ്റൽ' മാതിരി ഇവിടെ വന്ന് അവരുടെ ആശയം പ്രയോജനപ്പെടുത്താനും വളരാനുമുള്ള സ്റ്റാർട്ട് അപ് വില്ലേജ് എന്നുപറയുന്ന ഒരു കാര്യം അവിടെ തുടങ്ങിയിരിക്കുകയാണ്. ഇതുപോലുള്ള അനവധി ഐഡിയകളും കാര്യങ്ങളുമൊക്കെയുണ്ട്. അതുകൊണ്ട് നമുക്ക് സാമ്പത്തികമായി വളരണം. എമർജിംഗ് കേരള-യിൽ ഉദ്ദേശിക്കുന്നത് ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമുള്ള സാങ്കേതികമായി ഐഡിയയുള്ളവർ വരട്ടെ, നിക്ഷേപകർ വരട്ടെ എന്നതാണ്. അതിന് എമ്പസികളിൽ കൊമേഴ്സ്യൽ വിങ്ങുണ്ട്. പതിനാറ് അറബ് രാജ്യങ്ങ

ളിൽനിന്നുള്ള അമ്പാസിഡർമാർ പങ്കെടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. യൂറോപ്പ്, ചൈന, ജപ്പാൻ, യു.എസ്. എന്നിവിടങ്ങളിൽ നിന്നുള്ള ഡെലിഗേഷൻ വരാമെന്ന് പറഞ്ഞിട്ടുണ്ട്. അവർക്കൊക്കെ ഐഡിയയും നിക്ഷേപ പ്രൊപ്പോസലുമുണ്ടാകും. അപ്പോൾ ഈ പറയുന്ന പ്രയോറിറ്റി സെക്ടർ, ഫുഡ് പ്രോസസിംഗ്, ഐ.ടി., ഇൻഫ്രാസ്ട്രക്ചർ എഡ്യുക്കേഷൻ, ഹെൽത്ത്, പുതിയ ഐഡിയയുള്ളവർക്ക് അവസരം കൊടുക്കുന്നതുൾപ്പടെ ഈ മേഖലയിലൊക്കെയാണ് തൊഴിലവസരങ്ങൾ വരുന്നത്. ഒരു ഉദാഹരണം പറയാം. 2001-ൽ ഇവിടെ ഗ്രാമങ്ങളിൽ 'അക്ഷയ' കൊണ്ടുവന്നു. അന്ന് അതിനെ ആരും അപ്രീഷ്യേറ്റ് ചെയ്തിട്ടില്ല. കഴിഞ്ഞ ദിവസം റിവ്യൂ ചെയ്തപ്പോൾ 'അക്ഷയ' വഴി ഇരുപത്തയ്യായിരം തൊഴിലവസരങ്ങൾ കേരളത്തിലുണ്ടാക്കാൻ സാധിച്ചു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. വളരെ ചെറുതായി തുടങ്ങിയതാണ്. ഇപ്പോൾ അൻപതിനായിരം ആകാൻ പോകുകയാണ്. മൊബൈലും കമ്പ്യൂട്ടറും ഐ.ടി. മേഖലയുമായിട്ടൊക്കെ കണക്ട് ചെയ്താണ് പുതിയ തൊഴിലവസരങ്ങൾ വരുന്നത്. പരമ്പരാഗത വ്യവസായങ്ങളേയും മറ്റുമൊക്കെ അതേപടി പ്രോത്സാഹിപ്പിച്ചു കൊണ്ടുപോകണം. ലോകത്ത് എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്യുന്ന രംഗങ്ങളെ ഒഴിവാക്കാൻ കഴിയില്ല. അതുകൊണ്ടാണ് എമർജിംഗ് കേരള വരുന്നത്. ബഹുമാനപ്പെട്ട എളമരം കരീമിന്റെ കാലത്തുള്ള കാര്യങ്ങൾ അദ്ദേഹം നന്നായി മാനേജ് ചെയ്ത് കൊണ്ടുപോകാൻ ശ്രമിച്ചു. പക്ഷെ ജിം പോലെ എമർജിംഗ് കേരള പോലെ

വലിയൊരു ഇൻവെസ്റ്റ്മെന്റ് വരാനുള്ള ഒരു മൂവ്മെന്റ് നടത്തിയില്ല. അത് നടത്തേണ്ടതായിരുന്നു. രണ്ടുകൊല്ലം കൂടുമ്പോൾ നടക്കുന്ന ഒരു പരിപാടിയായിട്ടാണ് വച്ചിട്ടുള്ളത്. ഇതിന്റെ കണക്കൊക്കെ വിജയമാണോ പരാജയമാണോ എന്ന് നോക്കുന്നതിൽ അർത്ഥമില്ല. കേരളത്തിൽ നിക്ഷേപം വരണമെങ്കിൽ അതിന്റേതായ പ്രയാസങ്ങളുണ്ട് അതേ അവസരത്തിൽ സ്ട്രങ്ങ്ത്തുമുണ്ട്. ഇത് രണ്ടും താരതമ്യപ്പെടുത്തി നോക്കിയിട്ടായിരിക്കും നിക്ഷേപം വരുന്നത്. നമ്മൾ ശ്രമിക്കുകയാണ്. ശ്രമിച്ചാൽ ഗുണം കിട്ടും. എനിക്ക് ഒരനുഭവമുണ്ട്. 1991-96-ൽ ഇൻഡസ്ട്രിയൽ പോളിസി കൊണ്ടുവന്നു. പിന്നീട് അന്നത്തെ വ്യവസായ സെക്രട്ടറി വളരെയധികം വിദഗ്ദ്ധൻമാരെ കൺസൾട്ട് ചെയ്ത് കൊണ്ടുവന്നതാണ് അന്നത്തെ വ്യവസായ നയം. അത് ഞാൻ മന്ത്രിയായിരുന്ന കാലത്താണ്. അന്നാണ് ടെക്നോപാർക്ക് ഉണ്ടാക്കിയത്. ഇന്ന് അത് ഏറ്റവും വലിയ സക്സസാണ്. അന്നാണ് കിൻഫ്ര ഉണ്ടാക്കിയത്. കേരളത്തിൽ ചൂണ്ടിക്കാണിക്കാവുന്ന ഒട്ടുമിക്ക വ്യവസായങ്ങളും വന്നത് കിൻഫ്രാ പാർക്കുകളിലാണ്. ആ കാലത്തുണ്ടാക്കിയതാണ്. അത് ഒരു പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയതാണ്. അതുപോലെ നമ്മൾ ശ്രമിക്കണം. ഇൻഫോപാർക്ക് യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടാക്കിയതാണ്. പ്രതിപക്ഷ നേതാവ് പറഞ്ഞു അവിടെ അഡീഷണലായിട്ടുള്ള കാര്യങ്ങൾ ചെയ്തുവെന്ന്. ഒരു വ്യത്യാസമെന്ന് പറയുന്നത് വൻതോതിൽ

സ്വകാര്യനിക്ഷേപം വന്നാൽ മാത്രമേ നമുക്ക് പിടിച്ചുനിൽക്കാൻ കഴിയുകയുള്ളു.

ശ്രീ. സാജു പോൾ: സ്ഥല ലഭ്യത വ്യവസായ വികസനത്തിന് വലിയ തടസ്സമാകുമോ? പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസിന്റെ 67 ഏക്കർ സ്ഥലവും മറ്റെല്ലാവിധ സൗകര്യങ്ങളുമുണ്ട്. സാമ്പത്തിക ബാധ്യതയുടെ പ്രശ്നങ്ങളൊക്കെയുണ്ട്. അത് പരിഹരിച്ച് എമർജിംഗ് കേരളയുടെ ഭാഗമായി അവിടെ തൊഴിലാളികളുടെ പ്രശ്നങ്ങൾ തീർത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: പെരുമ്പാവൂർ റയോൺസിന്റെ കാര്യത്തിൽ നിരന്തരമായി മീറ്റിംഗ് കൂടിക്കൊണ്ടിരിക്കുകയാണ്. എന്തെങ്കിലും ഒരു വഴിയുണ്ടാക്കാൻ ഞാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. വഴിയുണ്ടാകുമെന്ന് വിചാരിക്കുകയാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: അക്ഷയ കേന്ദ്രങ്ങളുടെ സാധ്യതയെക്കുറിച്ച് പറഞ്ഞു. അക്ഷയ കേന്ദ്രങ്ങളുടെ സേവനങ്ങളോ അതുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രവർത്തനങ്ങളോ സ്വകാര്യവൽക്കരിക്കാനോ അത് കമ്പനി രൂപീകരിച്ച് അതിലുള്ള അക്ഷയ നടത്തിപ്പുകാർക്ക് പ്രയാസമുണ്ടാക്കുന്ന എന്തെങ്കിലും നിലപാടുകൾ സർക്കാർ സ്വീകരിക്കാൻ പോകുന്നുണ്ടോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: അക്ഷയ കേന്ദ്രങ്ങൾ സ്വകാര്യ രംഗത്ത് തന്നെയാണ്. അത് സെൽഫ് എംപ്ലോയ്മെന്റ് സ്കീമാണ്.

അക്ഷയ എന്ന പരീക്ഷണം ഗവൺമെന്റ് കാശ് കൊടുത്തിട്ടല്ല. 2001 കാലത്ത് ഞങ്ങൾ തുടങ്ങിയതും ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് വ്യാപിപ്പിച്ചതുമായ സെൽഫ് എംപ്ലോയ്മെന്റ് സ്കീമാണ്. അതിന് ചില ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്. എല്ലാം ഇങ്ങനെ കോർപ്പറേറ്റ് എന്നുപറഞ്ഞ് ആളെ പേടിപ്പിച്ചിട്ട് കാര്യമുണ്ടോ? അതിന് കോർപ്പ റേറ്റുമായി യാതൊരു ബന്ധവുമില്ല. അത് എന്താണെന്ന് അങ്ങ് മനസ്സിലാ ക്കിയാൽ മതി. പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞു. ഇതിന്റെ ലാഭനഷ്ടക്കണക്ക് ഞാൻ ചോദ്യത്തിന് മറുപടിയായി പറഞ്ഞ താണ്. മുപ്പത് കമ്പനി ലാഭത്തിലായിരുന്നുവെന്ന് പറഞ്ഞു. അത്രയുമില്ല, പത്തൊൻപതേയുള്ളു. ഏറ്റക്കുറച്ചിലുണ്ടാകും. കണക്കുവച്ചുതന്നെ യാണ് ചോദ്യോത്തരവേളയിൽ പറഞ്ഞത്. ബഹുമാനപ്പെട്ട എളമരം കരീം ഒരു തെറ്റായ കണക്ക് കരുതിക്കൂട്ടി പറഞ്ഞു എന്ന് ഞാൻ അന്നും പറഞ്ഞില്ല. കാരണം അന്ന് അദ്ദേഹത്തിന് കണക്കുകൊടുത്ത റിയാബാണ് ഇന്ന് എനിക്കും കണക്ക് തന്നിരിക്കുന്നത്. ഞാൻ കണക്ക് തന്നപ്പോൾ അതിന്റെ ഉദ്യോഗസ്ഥന്മാരോട് തമാശയായി ചോദിക്കുകയും ചെയ്തു. ഞാനിതു പറഞ്ഞാൽ എന്റെ സ്ഥിതി എന്താകുമെന്ന്. അപ്പോൾ അവർ ക്ലിയറായി മറുപടി പറഞ്ഞു, അന്ന് പല ഘടകങ്ങളും കണക്കിലെടുത്തിട്ടില്ല എന്ന്. കമ്പിനിയിൽനിന്ന് കൊടുക്കുന്ന കണ ക്കാണ് ഇക്കണോമിക് റിവ്യൂവിലൊക്കെ വരുന്നത്. പല ഘടകങ്ങളും കണക്കുകൂട്ടാതെ ലാഭനഷ്ട കണക്ക് കൊടുത്തു. ശരിക്ക് മുപ്പതിന്റെ

സ്ഥാനത്ത് പത്തൊൻപതേയുള്ളു. ഇത് വസ്തുതയാണ്. ഓരോ സമയത്തും തന്ന കണക്കിൽ വ്യാത്യാസമുണ്ട്. ഇതിന് ഒരു പരിഹാരമെന്നുള്ളത് അതാതുകൊല്ലം കണക്ക് റെഡിയാക്കുക എന്നുള്ളതാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ ട്രാൻസ്പരൻസി കർശനമാക്കുകയാണ്. അതിനൊരു ഉദാഹരണമായി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച മലബാർ സിമന്റ്സ് തന്നെ എടുക്കാം. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് പറയുകയാണ്, അങ്ങ് ഇപ്പോൾ മലബാർ സിമന്റ്സ് സന്ദർശിച്ച് അവിടെ വല്ല അഴിമതിയുമുണ്ടെന്ന് പറഞ്ഞാൽ, അങ്ങ് പറയുന്നതുപോലെ കേൾക്കാൻ ഞാൻ തയ്യാറാണ്. അവിടെ യാതൊരു വിധ അഴിമതിയുമില്ല. അവിടെ ഇലക്ട്രോണിക് പ്രൊക്യുർമെന്റ് സിസ്റ്റം നടപ്പാക്കി. മറ്റു ചില കാര്യങ്ങളും നേരത്തെയുണ്ടായിരുന്ന സപ്ലയേഴ്സുമൊക്കെ മാറി. അതുകൊണ്ടുതന്നെ ആരോപണ വിധേയരായ ആളുകളൊന്നും അവിടെ ഉണ്ടാകാനുള്ള സാധ്യതയില്ല. അവിടെ ആ രീതിയിലാക്കിയിട്ടുണ്ട്. ഈ പരിഷ്കാരം കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കും ഒരു വർഷത്തിനകം വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. മലബാർ സിമന്റ്സിൽ വന്ന ചില കേസ്സുകളെക്കുറിച്ച് പറഞ്ഞു. കേസ്സുകളൊക്കെ അതിന്റെ ശുപാർശകളനുസരിച്ച് ചെയ്തിട്ടുണ്ട്. വിജിലൻസ് കേസ്സുകൾ വിചാരണയിലാണ്. കരിമ്പട്ടികയിൽപ്പെടുത്തണമെന്ന് പറഞ്ഞ കമ്പനികളെ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുമുണ്ട്. എട്ടുപത്ത് കൊല്ലത്തെ പീരിയഡുമായി ബന്ധപ്പെട്ട സി.ബി.ഐ.

എൻക്വയറി അതിന്റെ വഴിക്ക് നടക്കുകയാണ്. അതൊന്നും എൽ.ഡി.എഫ്/.യു.ഡി.എഫ്. എന്ന നിലയിൽ ഇടപെടേണ്ട സംഗതികളല്ല. അതുകൊണ്ടുതന്നെ അതെല്ലാം അതിന്റെ വഴിക്കുപോകും. കൈത്തറിയെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞു. കൈത്തറിയെ അവഗണിക്കുന്ന പ്രശ്നമേയില്ല. സമയം കൂടുതലെടുക്കുമെന്നുള്ളതുകൊണ്ട് കൂടിതലായി പറയുന്നില്ല. കൈത്തറിക്ക് ഏറ്റവും കൂടുതൽ പണം നീക്കിവച്ചിട്ടുണ്ട്. താരതമ്യേന കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ തുകയാണ് മാറ്റിവച്ചിട്ടുള്ളത്. മാത്രമല്ല, റീജിയണലായ പ്രോഡക്ട്സിന്റെ ഡിമാന്റുണ്ടാക്കാനുള്ള പരിപാടികൾ വർദ്ധിപ്പിച്ചുവരികയാണ്. ശ്രീ. എ.എ. അസീസ് കാഷ്യു കോർപ്പറേഷനിൽ ഉദ്യോഗസ്ഥർ പ്രശ്നമുണ്ടാക്കുന്നുവെന്ന് പറഞ്ഞു. യു.ഡി.എഫ്.-ന്റെ ഇപ്പോഴത്തെ ചെയർമാൻ കൊടുത്ത ഒരു പരസ്യത്തെക്കുറിച്ചും അദ്ദേഹം ഇവിടെ പരാമർശിച്ചു. പറഞ്ഞതൊക്കെ ശരിയാണ്. പക്ഷേ പരിശോധനയുണ്ടാകാനുള്ള കാരണം, അവിടെ ചെയ്ത ബിസിനസ്സിൽ സ്വീകരിച്ച നടപടിക്രമങ്ങളെക്കുറിച്ച് ഉദ്യോഗസ്ഥർ സംശയം പ്രകടിപ്പിച്ചു. അങ്ങനെ പറഞ്ഞുപോയാൽ നമ്മൾ കുടുങ്ങുമെന്നതിനാൽ അത് നോക്കാതെ മുന്നോട്ടുപോകാൻ പറ്റില്ല. അതുകൊണ്ട് അത് നോക്കി എന്ന് മാത്രമേയുള്ളൂ. കാഷ്യു കോർപ്പറേഷനോ, കാപ്പെക്സോ, ഫാക്ടറികളോ ഒന്നും അടച്ചിടുന്ന പ്രശ്നമില്ല. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

ശ്രീ. എം.എ. ബേബി : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ അമ്പലപ്പുഴ, കൊരട്ടി, കൊല്ലം എന്നിവിടങ്ങളിലെ സാറ്റലൈറ്റ് പാർക്കുകൾ സ്തംഭനാവസ്ഥയിലായ സ്ഥിതിവിശേഷമുണ്ട്. ഹൈദ്രാബാദിലും ഭൂവനേശ്വറിലുമൊക്കെ ലാന്റുള്ള അലിൻഡ് തുറക്കുന്നതുമായി ബന്ധപ്പെട്ട് ചില യോഗങ്ങൾ നടന്നു എന്നു കേട്ടു. അതും മുന്നോട്ടു പോകുന്നില്ല. ഈ രണ്ട് കാര്യങ്ങളിലും ശ്രദ്ധയുണ്ടാകുമോ?

ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി : സർ, കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിയ വ്യവസായ സംരംഭങ്ങൾ, ഇടതുപക്ഷത്തിന് പ്രാധാന്യമുള്ള സ്ഥലങ്ങളിലൊക്കെയാണ് തുടങ്ങിയതെങ്കിലും വ്യവസായം വ്യവസായം തന്നെയാണ്. അത് അതേപടി മുന്നോട്ടു കൊണ്ടുപോകുക എന്ന നയമാണ് ഈ ഗവൺമെന്റ് എടുത്തിരിക്കുന്നത്. സാറ്റലൈറ്റ് പാർക്കുകൾ എവിടെയാണെന്നുള്ളതിന്റെ അടിസ്ഥാനത്തിലല്ല കുറച്ച് ഡിലേ വന്നത്. ഡിലേ വരുന്നത് ഒന്നുകിൽ ലാന്റ് അക്വിസിഷൻ കാര്യത്തിൽ അല്ലെങ്കിൽ കേസ്സുകളുണ്ടാകുകയോ ഇവയിലേതെങ്കിലുമാണ്. അത് എക്സ്പിഡേറ്റ് ചെയ്യാൻ മാത്രമേ നോക്കിയിട്ടുള്ളൂ. കണ്ണൂർ ജില്ലയിലും കാസർഗോഡ് ജില്ലയിലുമുള്ള എം.എൽ.എ.-മാർ ആവശ്യപ്പെട്ടപ്പോൾ പാർക്കുകളിൽ പോയി നോക്കാൻപോലും ഞാൻ തയ്യാറായി. അതിനുവേണ്ട നബാർഡ് ക്ലിയറൻസും മറ്റും വാങ്ങി ഇടക്കാലത്ത് അതൊക്കെ മുന്നോട്ടുകൊണ്ടുപോയിട്ടുണ്ട്. ബാക്കി സ്ഥലത്തും എം.എൽ.എ.-മാർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ, ആഭ്യന്തര വകുപ്പു

മന്ത്രി, ശ്രീ. വർക്കല കഹാർ കൂടാതെ ഇന്ന് ചർച്ചാവേളയിൽ പറയണ മെന്നും കുറേ എം.എൽ.എ.-മാർ പറഞ്ഞിട്ടുണ്ട്. ആരുടെയെങ്കിലും പേരുകൾ വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. എൽ.ഡി.എഫ്. -ൽനിന്നും ഒരുപാട് പേർ തന്നിട്ടുണ്ട്. ആവുന്ന സ്ഥലത്ത്, സ്ഥലം കിട്ടു ന്നിടത്ത് തുടങ്ങുന്നതിൽ വിഷമമില്ല. എം.എൽ.എ.-മാർ സ്ഥലം ലഭ്യമാ ക്കിയാൽ സാറ്റലൈറ്റ് പാർക്ക് എന്ന പേരിൽ മെയിൻ ടെക്നോപാർക്കു കളുടെ ബ്രാഞ്ച് എന്ന നിലയിൽ നിയോജക മണ്ഡലങ്ങളിൽ തുടങ്ങാൻ തയ്യാറാണ്. അതുകൊണ്ടുതന്നെ നിലവിലുള്ളത് ഒഴിവാക്കില്ല എന്ന കാര്യം ഉറപ്പാണ്. അത് മുന്നോട്ടുകൊണ്ടുപോകുകയേയുള്ളൂ. അതിന്റെ വയബിലിറ്റി സംബന്ധിച്ച് പിന്നീട് നോക്കാം. ശ്രീ. എസ്. ശർമ്മ സ്മാർട്ട് സിറ്റിയുടെ കാര്യം പറഞ്ഞു. ഇക്കാര്യത്തിൽ ഒരുകൊല്ലംകൊണ്ട് ചെയ്യാ വുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അത് സമയബന്ധിതമായി നടക്കും. നടന്നില്ലെങ്കിൽ ഫെയ്ലുവർ ആണ്. നടന്നാൽ സക്സസ് ആണ്. അത് ഒരു കൊല്ലംകൊണ്ട് നടത്തിയെടുക്കാൻ നമുക്കെല്ലാവർക്കുംകൂടി ശ്രമിക്കാം. അതിൽ അദ്ദേഹത്തിന്റെ സഹകരണം അറിയിച്ചതിൽ സന്തോ ഷമുണ്ട്. ശ്രീ. വർക്കല കഹാർ വർക്കലയെ ഒരു ടൂറിസം സെന്റ റാക്കുന്ന പദ്ധതിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. തിരുവനന്തപുരം ജില്ല യിൽത്തന്നെ ആയതുകൊണ്ട് അതിന് പ്രാധാന്യം കൊടുക്കാൻ ഉദ്ദേശി ക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ : സ്മാർട്ട് സിറ്റിയെക്കാൾ മുമ്പായി പൂർത്തിയാക്കാൻ കഴിയുന്നതാണ് കോഴിക്കോട് സൈബർ പാർക്ക്. അതിന്റെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായതാണ്. പണവും ലഭ്യമായി ട്ടുണ്ട്. പക്ഷേ അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന തിന് പല തടസ്സങ്ങളുമുണ്ട്. ഞാൻ അങ്ങയോട് നേരിട്ട് പറഞ്ഞിരുന്നതു കൂടാതെ സഭയിൽ രണ്ടുമൂന്ന് തവണ ഉന്നയിച്ചിരുന്നതുമാണ്. മുഖ്യമ ന്ത്രിയോടും പറഞ്ഞിരുന്നു. അങ്ങ് തന്നെ താത്പര്യമെടുത്ത് മൂന്ന് തവണ അതിന്റെ മീറ്റിംഗ് വിളിച്ചിരുന്നു. ആ മൂന്ന് മീറ്റിംഗുകളും ബന്ധ പ്പെട്ട ഉദ്യോഗസ്ഥർ അട്ടിമറിച്ചുവെന്നാണ് എനിക്ക് പറയാനുള്ളത്. അതു കൊണ്ട് അങ്ങ് നേരിട്ട് ഇടപെടണം. .യു.എസ്. സൈബർ പാർക്കിന്റെ നാലര ലക്ഷം സ്ക്വയർ ഫീറ്റിന്റെ ഒരു കെട്ടിടം അവിടെ പണി പൂർത്തി യാകുന്നു, ബാക്കി രണ്ടര ലക്ഷം സ്ക്വയർ ഫീറ്റുള്ള ഗവൺമെന്റ് സൈബർ പാർക്കിന്റെ വർക്ക് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കാൻ അങ്ങ് മുൻകയ്യെടുത്ത് മീറ്റിംഗ് വിളിക്കണം.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : യു.എസ്. ടെക്നോളജി പാർക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഉദ്ഘാടനം ചെയ്തതാണ്. അതിന് തൊട്ടടുത്ത് ഗവൺമെന്റ് പാർക്ക് വരാൻ പോകുന്നതിന്റെ തടസ്സം വേഗം തീർക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നാളെ ഉദ്യോഗസ്ഥരെ വിളിച്ചിട്ടുണ്ട്.

ശ്രീ. എ.കെ. ബാലൻ : വ്യവസായത്തെ സംബന്ധിച്ച് പറയുമ്പോൾ ചില ആശങ്ക ഞാൻ പ്രകടിപ്പിക്കുകയാണ്. ഈ സെഷൻ കഴിഞ്ഞാൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ വർദ്ധിപ്പക്കാൻ പോകുകയാണ്. കേരളം വ്യവസായ സ്ഥാപനങ്ങളുടെ ശവപ്പറമ്പാകുകയാണ്. വ്യവസായ വകുപ്പിനെ നോഡൽ ഏജൻസിയായി വച്ചിട്ടാണ് ചീമേനിയിൽ ഒരു പദ്ധതിക്ക് ഞങ്ങൾ രൂപം കൊടുത്തത്. ആ പദ്ധതി എവിടെയും പോകുന്നില്ല. ഊർജ്ജമില്ലാതെ, വൈദ്യുതിയില്ലാതെ കേരളത്തിന്റെ വികസനമെന്ന് പറയുന്നത് വ്യവസായംകൊണ്ട് മാത്രം നിൽക്കുന്നതല്ല. ഈ ആപത്ത് ബഹുമാനപ്പെട്ട മിനിസ്റ്റർ മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നപടി സ്വീകരിക്കുമോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : ഈ ആപത്ത് ആലോചിച്ചാൽ ചിലപ്പോൾ ഉറക്കംപോലും വരില്ല. അത്രമാത്രം ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി അത് പങ്കുവയ്ക്കാറുമുണ്ട്. അദ്ദേഹം വൈദ്യുതി നിർമ്മാണ പ്രോജക്ടിന്റെ വല്ല കാര്യവും പറഞ്ഞാൽ ഉടൻ സപ്പോർട്ട് കൊടുക്കുന്ന ആളാണ്. ശ്രീ. എ.കെ. ബാലൻ പറഞ്ഞതുപോലെ അതിരപ്പിള്ളി പ്രോജക്ടിന്റെ കാര്യം പറഞ്ഞാലും അദ്ദേഹം സപ്പോർട്ട് ചെയ്യും. വൈദ്യുതിയില്ലാതെ കേരളത്തിൽ ഒന്നും നടക്കില്ല. മദർ ഇൻഡസ്ട്രി അതാണ്. അല്ലെങ്കിൽ ഞാൻ പ്രസംഗിക്കുന്നതൊക്കെ ജലരേഖയാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വൈദ്യുതി ഏറ്റവും ആശങ്കയുണർത്തുന്ന വിഷയമാണ്.

അത് സീരിയസ്സായി ചിന്തിക്കണം. ഏത് പ്രോജക്ട് വന്നാലും ഞാൻ അദ്ദേഹത്തിന്റെ മുമ്പാകെ കാര്യങ്ങൾ കൊണ്ടുപോകാറുണ്ട്. കോൾ പ്രോജക്ട് എല്ലാവരുംകൂടി വിചാരിച്ചാൽ നടത്താൻ നോക്കാം. സാങ്കേതിക വിദ്യ വളർന്നിരിക്കുന്നതിനാൽ അത്രയധികം പരിസ്ഥിതി പ്രശ്നമില്ല. ചീമേനി ആയതുകൊണ്ട് വന്ന നിക്ഷേപകരെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ അടുക്കലും പറഞ്ഞുവിട്ടു. അവർ പറയുന്നത് സാങ്കേതിക വിദ്യ മാറിയിട്ടുള്ളതിനാൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാവില്ലെന്നാണ്. ഒന്നുംപറ്റില്ലെന്ന് പറഞ്ഞാൽ എന്തുചെയ്യും? അത് വലിയ ആശങ്കയുണർത്തുന്ന വിഷയമാണ്. അതിനോട് പൂർണ്ണമായും വിയോജിക്കുകയാണ്.

ശ്രീ. എ.കെ. ബാലൻ : കണക്ടിവിറ്റി കിട്ടുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. ആ നടപടിയുമായി പോയാൽ മതി.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : ഗ്യാസ് പൈപ്പ്ലൈൻ പോപ്പുലർ മെഷറല്ല. അതിന്റെ തടസ്സം നീക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും എം.എൽ.എ.-മാരുമായി എത്ര പ്രാവശ്യം ചർച്ച നടത്തിയതാണ്? അതിന്റെ തടസ്സങ്ങൾ നീക്കാൻ വേണ്ടി ഇടയ്ക്കിടെ മീറ്റിംഗ് വിളിച്ചിട്ടുള്ളതാണ്. വൈദ്യുതി ഇല്ലാതെ പറ്റില്ല. വ്യവസായ വകുപ്പിനേക്കാൾ ഇക്കാര്യത്തിൽ പ്രധാനമായത് വൈദ്യുതി വകുപ്പാണ്. എനർജി ഉണ്ടായില്ലെങ്കിൽ ഒന്നും നടക്കില്ല.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : പുഴയ്ക്കൽ മൾട്ടി സ്റ്റോറീഡ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് തുക അലോട്ട് ചെയ്തിട്ടുള്ളതാണ്. അത് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുറേ വർക്കുകൾ മുന്നോട്ടുപോയിട്ടുണ്ട്. ഉടനെതന്നെ അത് ആരംഭിക്കാം.

ശ്രീ. പി.ടി.എ. റഹീം : ഗ്വാളിയർ റയോൺസ് നടത്തിയിരുന്ന സ്ഥലം ഇപ്പോൾ വെറുതെ കിടക്കുകയാണ്. അങ്ങ് അവിടെ വന്നിരുന്നതാണ്. അതിന്റെ എന്ത് നടപടികളാണ് ഇതുവരെ ആയിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: കഴിഞ്ഞ ദിവസം ബോംബെയിൽ മഹാരാഷ്ട്രാ ഗവർണ്ണറുടെ വീട്ടിൽ വച്ച് ബിർളയുമായി സംസാരിച്ച സമയത്ത് പ്രശ്നങ്ങളൊക്കെ ഒഴിവാക്കി അവിടെ ഒരു പ്രോജക്ട് കൊണ്ടുവരാൻ വേണ്ടിയുള്ള ചർച്ച നടന്നിരുന്നു. അവർതന്നെയാണ് പ്രോജക്ടുകളൊക്കെ കൊണ്ടുവന്നത്. ലിറ്റിഗേഷനും കാര്യങ്ങളുമൊക്കെ ഒഴിവാക്കാമെന്ന നിലയ്ക്കാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അത് പരിശോധിച്ചത്. എന്നാൽ അവർ കൊണ്ടുവന്ന പ്രോജക്ട് എംപ്ലോയ്മെന്റ് ജനറേറ്റിംഗ് അല്ലാത്തതുകൊണ്ടും വലിയ ഇൻവെസ്റ്റ്മെന്റ് സാധ്യത ഇല്ലാത്തതുകൊണ്ടും കുറച്ചുകൂടി മെച്ചപ്പെട്ട പ്രൊപ്പോസൽ കൊണ്ടുവരണമെന്ന് പറഞ്ഞ് ആ പ്രൊപ്പോസൽ സ്വീ

കരിച്ചില്ല. ഞങ്ങൾ അതിനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുകയാണ്. തീർച്ചയായും അവിടെ വ്യവസായം കൊണ്ടുവരാൻ സാധിക്കുമെന്ന കാര്യത്തിൽ എനിക്ക് വിശ്വാസമുണ്ട്. അവിടെ നടന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി ഒരു ഓഫീസറെ വച്ച് കാര്യങ്ങൾ നീക്കുന്നുണ്ട്. ഇവിടെ ഇൻകെൽ-ന്റെ കാര്യം പറഞ്ഞു. കൂടുതൽ സർക്കാർ സ്ഥലങ്ങൾ ഇൻകെൽ-ന് കൊടുക്കുന്നില്ല. കൊടുത്ത സ്ഥലങ്ങൾ കുറേയൊക്കെ സ്റ്റേറ്റിന് ഗുണകരമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകാൻ നോക്കുക യാണ്. അതുപോലെതന്നെ ഇവിടെ മറ്റ് മെമ്പർമാർ പറഞ്ഞ നല്ല നിർദ്ദേ ശങ്ങൾ, ശ്രീ. കെ.എൻ.എ. ഖാദർ പറഞ്ഞ ന്യൂ ജനറേഷൻ ഇൻഡ സ്ട്രിയെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ വേണ്ട നടപടികൾ സ്വീക രിക്കും. അതുപോലെതന്നെ ശ്രീ. അൻവർ സാദത്ത് പറഞ്ഞ സാമൂഹ്യ സുരക്ഷയുടെ കാര്യങ്ങളെല്ലാം നമ്മൾ കൊണ്ടുവന്ന പുതിയ ഐഡിയ ആണ്. ലാഭമുണ്ടാക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പരിസര ത്തുള്ള സമൂഹത്തെ മൈൻഡ് ചെയ്യാതെ നിൽക്കുന്നത് ശരിയല്ല. അതു കൊണ്ട് അവിടെയൊക്കെ നല്ല സ്കീമുകൾ അവർ സ്പോൺസർ ചെയ്യുന്ന പരിപാടി കൊണ്ടുവന്നിട്ടുണ്ട്. അതുപോലെ ശ്രീ. വിഷ്ണു നാഥും ശ്രീ. അബ്ദുൾ റസാകും ഇവിടെ വളരെ ഗൗരവത്തോടുകൂടി വളരെ നല്ല നിർദ്ദേശങ്ങൾ വച്ചു. ശ്രീ. കെ. ശിവദാസൻ നായർ ആറന്മുള വിമാനത്താവളത്തിന്റെ ബാക്കി സ്ഥലത്തിന്റെ ഡീ-നോട്ടിഫി ക്കേഷന്റെ കാര്യം പറഞ്ഞു. ആവശ്യമുള്ള സ്ഥലം മതി. ആവശ്യമി

ല്ലാതെ കുറേയധികം സ്ഥലം എടുക്കേണ്ട കാര്യമില്ല. 500 ഏക്കറാണ് എടുത്തിരിക്കുന്നത്. മിനിമം സ്ഥലം ഒഴിച്ച് ബാക്കി ഒഴിവാക്കി കൊടുക്കണമെന്ന നിലയ്ക്കാണ് കാര്യങ്ങൾ ചെയ്തിട്ടുള്ളത്. മുൻ വ്യവസായ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ നിയമനങ്ങളെക്കുറിച്ച് പറഞ്ഞു. റിയാബിന് റിക്രൂട്ട്മെന്റ് കൊടുത്തത് കുറച്ചുകൂടി സാമുദായിക സംവരണവും സുതാര്യതയും വരുത്താൻ വേണ്ടിയാണ്. കമ്പനിയിൽത്തന്നെ റിക്രൂട്ട്മെന്റ് നടത്തിയാൽ ട്രാൻസ്പരൻസി ഇല്ലാതെ നടത്തിയെന്ന വിമർശനങ്ങളുണ്ടാകും. അത് ഒഴിവാക്കാൻ വേണ്ടിയാണ് ഇത്തരത്തിലൊരു നടപടി എടുത്തത്. പൊതുവേ വ്യവസായ വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ എല്ലാവരും ക്രിയാത്മകമായ നിർദ്ദേശങ്ങൾ തരികയാണുണ്ടായത്. അതുകൊണ്ട് പി.എസ്.യു-കളിൽ അഴിമതിമുക്തമാക്കാൻ സുതാര്യത ഉറപ്പുവരുത്തുക, പരമ്പരാഗത വ്യവസായങ്ങളെ കൂടുതൽ പ്രോത്സാഹിപ്പിക്കുക, അതിന് കൂടുതൽ മാർക്കറ്റ് പിടിക്കാനും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കൂടുതൽ നൂതനമാക്കാനുമാണ് ശ്രമിക്കുന്നത്. നമ്മുടെ പരമ്പരാഗത തുണിത്തരങ്ങളെ മാർക്കറ്റ് ചെയ്യാൻ നടത്തുന്ന ശ്രമങ്ങളെപ്പോലുള്ള നല്ല ശ്രമങ്ങൾ നടത്തുക, എമർജിംഗ് കേരള പോലെയുള്ള പരിപാടികളിലൂടെ സ്വകാര്യ നിക്ഷേപം കൂടുതൽ കൊണ്ടുവരാൻ ശ്രമിക്കുക ഇങ്ങനെയുള്ള ഒരു ദിശയിലാണ് പോകുന്നത്. ഒരുപാട് ഐ.റ്റി. ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാക്കി ഐ.റ്റി. അധിഷ്ഠിത വ്യവസായങ്ങൾ കൊണ്ടുവരുന്നതിനാണ് ലക്ഷ്യമിടു

ന്നത്. ഇ-ഗവേണൻസ് വഴി ഇന്ത്യയിൽ കേരളത്തെ ഒന്നാമത്തെ ഇലക്ട്രോണിക് സ്റ്റേറ്റാക്കാൻ സാധിക്കും. നൂറുദിന കർമ്മപരിപാടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രസന്റേഷനിലും പ്രഖ്യാപനത്തിലുമൊക്കെ ഇത് പറയുന്നുണ്ട്. അത് നമുക്ക് സാധിക്കും. ഇ-ഗവേണൻസിൽ കേരളത്തെ ഇന്ത്യയിലൊന്നാമതാക്കാൻ കഴിയും.

ശ്രീ. സാജു പോൾ: സർ, പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റിന് ലീഗൽ പ്രൊട്ടക്ഷനുള്ള സംസ്ഥാനങ്ങളിലാണ് കോടിക്കണക്കിന് രൂപയുടെ നിക്ഷേപം വന്നിട്ടുള്ളത്. അങ്ങ് തന്നെ മുമ്പ് ഈ സഭയിൽ അവതരിപ്പിച്ച ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ബിൽ, പല സംരംഭങ്ങളും വിവാദങ്ങളിൽപ്പെടുന്നത് അതുകൊണ്ടാണ്. ഒരു ബോർഡ് സ്ഥാപിച്ചുകൊണ്ട്, ആ ബോർഡിന്റെ എല്ലാവിധ പരിശോധനകൾക്കുംശേഷം സ്വകാര്യ സംരംഭങ്ങൾ അനുവദിക്കുകയാണെങ്കിൽ വിവാദങ്ങളുണ്ടാകില്ല. അതുകൊണ്ട് ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ആക്ട് കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അത് ഞാൻ കൊണ്ടുവന്നതാണ്. ബിൽ സർക്കുലേറ്റ് ചെയ്തപ്പോൾത്തന്നെ വിവാദമായി. ട്രേഡ് യൂണിയനൊക്കെ വളരെ ശക്തമായി എതിർക്കുകയാണ് ചെയ്തത്. ഡ്രാഫ്റ്റ് ബിൽ കൊണ്ടുവന്നതല്ലാതെ പിന്നെ മുന്നോട്ടുകൊണ്ടുപോയില്ല. നിക്ഷേപത്തിന് വലിയ സാധ്യതയുള്ള ബിൽ ആണത്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസംഗിച്ചപ്പോൾ സൂക്ഷ്മ വ്യവസായം എന്ന്

പറഞ്ഞു അത് മൈക്രോ എന്റർപ്രൈസസിന്റെ മലയാളമാണ്. അതിന് വേറെ കുഴപ്പമൊന്നുമില്ല. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, 2011-12 വർഷം പരമ്പരാഗത വ്യവസായമായ കയർ മേഖലയെ സംബന്ധിച്ചിടത്തോളം വികസനത്തിന്റെയും വളർച്ചയുടെയും സമാധാനത്തിന്റെയും നേട്ടങ്ങളുടെ വർഷമായി കാണുകയാണ്. കയർ ഉത്പന്ന കയറ്റുമതി രംഗത്ത് 2010-11 സാമ്പത്തിക വർഷം 807 കോടി രൂപയുടെ കയറ്റുമതിയാണുണ്ടായിരുന്നത്. 2011-12 സാമ്പത്തിക വർഷം 1052 കോടിയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. അതായത് 145 കോടി രൂപയുടെ വർദ്ധനവാണ് കയർ കയറ്റുമതി രംഗത്തുണ്ടായത്. തൊഴിലാളികളുടെ കൂലിയുടെ കാര്യത്തിൽ 40 ശതമാനം മുതൽ 45 ശതമാനം വരെ വർദ്ധിപ്പിച്ചുനൽകാൻ കഴിഞ്ഞത് ഒരു പ്രധാനപ്പെട്ട നേട്ടമാണ്. പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ പണിയെടുക്കുന്ന ഏതാണ്ട് മൂന്നേമുക്കാൽ ലക്ഷത്തോളം വരുന്ന തൊഴിലാളികളിൽ 90ശതമാനം തൊഴിലാളികളും സ്ത്രീ തൊഴിലാളികളാണ്. അതുകൊണ്ടുതന്നെ കയർ സംഘങ്ങളെ ശക്തിപ്പെടുത്തേണ്ടതിന്റെ ഭാഗമായി 389 കയർ സംഘങ്ങൾക്ക് 9.90 കോടി രൂപ പ്രവർത്തന ഗ്രാന്റായി നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും കയർ ഉത്പന്നങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. കയർ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയർ, വില നൽകി സംഭരിക്കുന്നതിന് 5.04 കോടി രൂപ നൽകിയിട്ടുണ്ട്. പ്രവർത്തന മൂലധന ഗ്രാന്റ് ഉൾപ്പെടെ 11.68

കോടി രൂപ കയർഫെഡിന് ധനസഹായമായി നൽകിയിട്ടുണ്ട്. തൊണ്ടിന്റെ കാര്യമാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. 600 കോടിയില ധികം തേങ്ങ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും തൊണ്ട് ശേഖരണ കാര്യ ത്തിൽ നമ്മൾ വളരെയധികം പിന്നിൽ നിൽക്കുകയാണ്.

ശ്രീ. പി. തിലോത്തമൻ : സർ, കയർ കയറ്റുമതിയിൽ വർദ്ധനവു ണ്ടായി എന്നുപറയുമ്പോൾ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോയി ട്ടില്ല എന്ന് തോന്നുന്നു. കയർ കയറ്റുമതി വർദ്ധിച്ചതായി വരുന്ന കണ ക്കുകളിൽ ഏറ്റവും വലിയ പോർഷൻ കയർ പിത്ത് (ചകിരി) ആണെ ന്നുള്ള കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, കയറ്റുമതിയുടെ കാര്യത്തിൽ കയർ പിത്ത് ഉൾപ്പെടെയുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. 807 കോടി രൂപ യിൽനിന്ന് 1052 കോടി രൂപയിലേയ്ക്ക് കടക്കാൻ കഴിഞ്ഞുവെന്നത് നമ്മുടെ കയറ്റുമതി വർദ്ധിച്ചുവെന്നുള്ളതിന്റെ ഒരു കണക്ക് ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. ഇന്ന് തൊണ്ടിന്റെ കാര്യത്തിലാണ് ഏറ്റവും വലിയ പ്രശ്നം കേരളത്തിൽ നിലനിൽക്കുന്നത്. 600 കോടിയിലധികം തേങ്ങ ഉത്പാദിപ്പിക്കുന്നുണ്ടെങ്കിലും അതിന്റെ 30 ശതമാനംപോലും കളക്ട് ചെയ്യാൻ കഴിയുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. അതു കൊണ്ട് പച്ചത്തൊണ്ടിന് പത്ത് പൈസ കൊടുത്തുകൊണ്ടിരുന്നത് പതി നഞ്ച് പൈസയും ഉണങ്ങിയ തൊണ്ടിന് ഏഴര പൈസ കൊടുത്തുകൊ

ണ്ടിരുന്നത് പത്ത് പൈസയുമായി വർദ്ധിപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണരംഗത്ത് കുറേക്കൂടി പ്രോത്സാഹനം നൽകുവാനുള്ള തീരുമാനമെടുത്തു. ദിനബത്ത എന്ന രീതിയിൽ 100 രൂപ നൽകിക്കൊണ്ടിരുന്നത് 150 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കയർപിരി സംഘങ്ങൾക്ക് ചകിരി സംഭരിക്കുന്നതിന് ഒരു ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ടായി തൊണ്ട് സംഭരണ പദ്ധതിക്കുവേണ്ടി സർക്കാർ പരിഷ്കരിച്ച് നടപ്പാക്കി വരികയാണ്. അതുകൊണ്ട് കിലോയ്ക്ക് ഏതാണ്ട് 15-17 രൂപ വിലയ്ക്ക് വിപണിയിൽ ചകിരി കിട്ടുന്ന ഒരു സാഹചര്യമുണ്ടായിട്ടുണ്ട്. നേരത്തെ 20-24 രൂപ വരെ ചകിരിയുടെ വില വർദ്ധിച്ചിരുന്നു. അതിനൊരു മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലി കുറവായിരുന്നതിനാൽ ഇൻകം സപ്പോർട്ട് പദ്ധതി പ്രയോജനപ്പെടുത്തിക്കൊണ്ട് 210 രൂപയായി വർദ്ധിപ്പിച്ചു. നേരത്തെ 100-110 രൂപയുണ്ടായിരുന്നത് ഇൻകം സപ്പോർട്ട് സ്കീമിലൂടെ 150 രൂപയായി വർദ്ധിപ്പിച്ചിരുന്നു. 2011- ജനുവരിക്ക് മുമ്പ് നൽകിവരുന്ന കൂലി മാത്രം തൊഴിലുടമ നൽകി ബാക്കിയുള്ള തുക പൂർണ്ണമായും തൊഴിലാളികൾക്ക് നേരിട്ട് കിട്ടുന്ന ഒരു സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. ബാങ്ക് അക്കൗണ്ട് എടുക്കുന്ന തൊഴിലാളികൾക്ക് ആ ഫണ്ട് നേരിട്ടും ഇൻകം സപ്പോർട്ട് സ്കീമിലൂടെയുള്ള ബാക്കി തുക അവരുടെ അക്കൗണ്ടിലേയ്ക്കും കൊടുക്കുകയാണ്. അതുപോലെ

ഉത്പാദന മേഖലയിൽ തൊഴിലാളികളുടെ കൂലി 200 രൂപയിൽ നിന്ന് 285 രൂപയാക്കി.

ശ്രീ. എസ്. ശർമ്മ: ഇൻകം സപ്പോർട്ട് സ്കീം വന്നതോടുകൂടി കയർത്തൊഴിലാളികളുടെ കൂലി 210 രൂപയായി വർദ്ധിപ്പിച്ചുവെന്ന് അങ്ങ് ഇവിടെ പറഞ്ഞത് ശരിയാണ്. കേരളത്തിലെ കയർ സംഘങ്ങളും വ്യക്തികളും ഉൽപ്പാദിപ്പിക്കുന്ന കയറുൽപ്പന്നങ്ങൾ സംഭരിക്കുന്നതിന് യാതൊരു സംവിധാനവും ഇല്ലാത്തതിന്റെ ഫലമായി കൂലി വർദ്ധിപ്പിച്ചാലും ഈ മേഖലയിൽ തൊഴിലില്ലാത്ത ഒരവസ്ഥാവിശേഷം വന്നിരിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, അത് വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കയറുൽപ്പന്നങ്ങൾ ഏറ്റെടുക്കുവാൻ അപ്പക്സ് സംഘമെന്നുള്ള നിലയിൽ കയർഫെഡിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. സംഘങ്ങളിൽ നിന്ന് ഇത് സംഭരിക്കുവാൻ കയർഫെഡിനെ സഹായിക്കാനാണ് ഗവൺമെന്റ് പണം നൽകിയിട്ടുള്ളത്. കയർ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറിന് വില നൽകുന്നതിനുവേണ്ടി 5.4 കോടി രൂപയും പ്രവർത്തന മൂലധന ഗ്രാന്റായി 11.68 കോടി രൂപയുമാണ് കയർഫെഡിന് ഗവൺമെന്റ് നൽകിയത്. ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാവുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഇങ്ങനെ

ചെയ്തിട്ടുള്ളത്. ഇതുതന്നെയാണ് മുൻകാലങ്ങളിലും ചെയ്തുകൊണ്ടിരുന്നത്. അത് ഇപ്പോഴും തുടർന്നുകൊണ്ടുപോവുകയാണ്.

ശ്രീ. കെ. അച്ചുതൻ: പാലക്കാട് ജില്ലയിലെ ചിറ്റൂർ മേഖലയിലാണ് ധാരാളം തേങ്ങ ഉൽപ്പാദിപ്പിക്കുന്നത്. അവിടെ നിന്ന് തേങ്ങ വാങ്ങുന്ന തമിഴ്നാട്ടുകാർ ചകിരി മുഴുവൻ തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോയി നാരാക്കി കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന നാര് വാങ്ങുകയുമാണ് ഇപ്പോൾ ചെയ്യുന്നത്. അതിനാൽ തമിഴ്നാട്ടിലേയ്ക്ക് തൊണ്ട് കൊണ്ടുപോകുന്നത് നിയന്ത്രിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട അംഗം നേരത്തെതന്നെ ഇക്കാര്യം എന്റെ ശ്രദ്ധയിൽകൊണ്ടുവന്നതാണ്. ഇവിടെ നിന്ന് തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകുന്ന തൊണ്ട് അവിടെ വച്ച് ചകിരിയാക്കി കേരളം അത് വാങ്ങേണ്ടിവരുന്ന ഒരു സ്ഥിതി നിലനിൽക്കുകയാണ്. അതിനൊരു മാറ്റമുണ്ടാകുവാൻ ഇവിടെത്തന്നെ തൊണ്ട് സംഭരിക്കുവാനും ചകിരിയാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. വളരെ അടിയന്തരശ്രദ്ധയോടുകൂടി അക്കാര്യങ്ങളിൽ നടപടി സ്വീകരിക്കുന്നതാണ്. ഉൽപ്പാദനമേഖലയിലെ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന 200 രൂപ 285 രൂപയാക്കി, കഴിഞ്ഞ ആഗസ്റ്റ് മാസം

മുതൽ വർദ്ധിപ്പിച്ച് ക്രയവിലസ്ഥിരതാ പദ്ധതി (പി.പി.എസ്) വളരെ വിജയകരമായി നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിപ്രകാരം ഉൽപ്പന്നവിലയുടെ പതിമൂന്നര ശതമാനം സർക്കാർ സഹായമായി നൽകുകയാണ്. കഴിഞ്ഞവർഷം പത്ത് കോടി രൂപ ഈ പദ്ധതിക്കായി നൽകിയിട്ടുണ്ട്. ഈ വർഷം ഈ പദ്ധതിയുൾപ്പെടെയുള്ള വിലസ്ഥിരതാ പദ്ധതിക്കായി 24 കോടി രൂപ ബഡ്ജറ്റിൽത്തന്നെ വകയിരുത്തിയിട്ടുണ്ട്. അതുപോലെ വിപണനരംഗം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂറിസവുമായി ബന്ധപ്പെടുത്തി കയർ ഗ്രാമം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: ബഹുമാനപ്പെട്ട മന്ത്രി ടൂറിസത്തെപ്പറ്റി ഇവിടെ പറഞ്ഞു. ഇടക്കൊച്ചിയിലും മട്ടാഞ്ചേരി ബസ് സ്റ്റാന്റിനടുത്തും മുനമ്പത്തും കോട്ടപ്പുറത്തുമൊക്കെ കയർഫെഡിന്റെ കണ്ണായ സ്ഥലങ്ങൾ കിടക്കുകയാണ്. മട്ടാഞ്ചേരിയിൽ ആയിരക്കണക്കിന് വിദേശികൾ വരുന്ന സ്ഥലമാണ്. ഈ സ്ഥലങ്ങളെല്ലാം ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികൂടി അങ്ങയുടെ നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താൻ കഴിയുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: ബഹുമാനപ്പെട്ട ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കയർഗ്രാമം എന്ന പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചപ്പോൾ ഇതിനാവശ്യമായ ഭൂമി കണ്ടെത്തുവാൻ ശ്രമിക്കുകയാണ്.

മട്ടാഞ്ചേരിയിൽ ഉൾപ്പെടെ കയർഫെഡിന്റെ ധാരാളം സ്ഥലങ്ങൾ ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. കായൽ തീരത്തുള്ള ഏറ്റവും മനോഹരമായ മറ്റൊരു സ്ഥലമാണ് പള്ളുരുത്തി. അതുപോലെ ബഹുമാനപ്പെട്ട എസ്. ശർമ്മ പ്രതിനിദാനം ചെയ്യുന്ന പ്രദേശമായ മുനമ്പത്ത് നാലേക്കറിലധികം സ്ഥലം കിടക്കുകയാണ്. ഈ സ്ഥലങ്ങളെല്ലാം വിനിയോഗിച്ചുകൊണ്ട് കയർഫെഡും ടൂറിസവുമായി സഹകരിച്ച് കയർഗ്രാമം എന്നൊരു പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുകയും അതിന്റെ നടപടികളുമായി മുന്നോട്ടുപോവുകയുമാണ്.

<u>മി. സ്പീക്കർ</u>: അത് നല്ലൊരു പദ്ധതിയാണ്. മട്ടാഞ്ചേരിയിൽ കയർ ഗ്രാമമെന്നതിനുപകരം മറ്റൊരു പേരിടണം. മട്ടാഞ്ചേരി ഗ്രാമമല്ല.

<u>ശ്രീ. ജി. സുധാകരൻ</u>: കഴിഞ്ഞ കുറേ വർഷങ്ങളായി വളരെ പ്രധാനപ്പെട്ട ഒരു മേഖലയായി കയർമേഖല മാറിയിരിക്കുകയാണ്. കൂലിവർദ്ധനവ്, ആധുനികവത്കരണം, ചകിരിനിർമ്മാണം, ഗവേഷണം തുടങ്ങിയ എല്ലാ കാര്യങ്ങളിലും കഴിഞ്ഞ ഗവൺമെന്റ് എടുത്ത സമീപനങ്ങൾ തുടരുകയും പുതിയ സമീപനമെടുക്കുന്നതിലും സന്തോഷമുണ്ട്. പക്ഷേ, ഇൻകം സപ്പോർട്ട് സ്കീം വന്നതോടുകൂടി കയർപിരി തൊഴിലാളികളുടെ കൂലി 150 രൂപയിൽ നിന്നും 210 രൂപയാക്കിമാറ്റി. എന്നാൽ ആ കൂലി കൊടുക്കാൻ കോർപ്പറേറ്റീവ്സ് ഇപ്പോഴും തയ്യാറായിട്ടില്ല. കോർപ്പറേറ്റീവ്സിന് കൊടുക്കാതിരിക്കാൻ അധികാരമില്ല,

പക്ഷേ നിർബന്ധമായും അത് കൊടുക്കണമെന്നുള്ള കാര്യത്തിൽ നടപടി സ്വീകരിക്കുമോ; എൻ.സി.ആർ.എം.ഐ ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്ത്, ഗൗരിയമ്മയുടെ അദ്ധ്യക്ഷതയിൽ തറക്കല്ലിട്ട സ്ഥാപനം രണ്ട് വർഷം കൊണ്ട് നിർമ്മിച്ച് ഇന്ത്യയിൽത്തന്നെ പരമ്പരാഗത വ്യവസായത്തിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ ഏക ഗവേഷണ കേന്ദ്രമാണ്. നല്ലൊരു ഓഫീസർ അവിടെയുണ്ട്. കയർ വകുപ്പിന്റെ അന്നത്തെ സെക്രട്ടറി അതിന്റെ മെമ്പറും മിനിസ്റ്റർ അതിന്റെ ചെയർമാനുമാണ്. ആ മഹത്തായ സ്ഥാപനമാണ് ചെലവ് കുറഞ്ഞ ചകിരിപിരി യന്ത്രം ഉണ്ടാക്കിയത്. ആ യന്ത്രം തുടർന്ന് ശക്തിപ്പെടുത്തുന്നതിനുപകരം എൻ.സി.ആർ.എം.ഐ അടച്ചുപൂട്ടണമെന്ന് ഭരണപകക്ഷികളിൽ തന്നെ ചില നേതാക്കന്മാർ പരസ്യമായി പറയുകയുണ്ടായി. ദേശീയതലത്തിൽ കയർ വ്യവസായത്തിനെതിരായി ഗൂഢാലോചന നടക്കുമ്പോൾ എൻ.സി.ആർ.എം.ഐ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: ഒരുകാരണവശാലും എൻ.സി.ആർ.എം.ഐ. അടച്ചുപൂട്ടാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. എൻ.സി.ആർ.എം.ഐ.-യുടെ തുടർ പ്രവർത്തനങ്ങൾക്കുള്ള എല്ലാ സഹായവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. കൂടാതെ ബഹുമാനപ്പെട്ട അംഗം ചോദിച്ച വളരെ പ്രധാനപ്പെട്ട ഒരു ചോദ്യം, കയർത്തൊഴിലാളികളുടെ

കൂലി 210 രൂപയാക്കി വർദ്ധിപ്പിച്ചെങ്കിലും പ്രാഥമിക സഹകരണ സംഘങ്ങൾ അത് കൊടുക്കുന്നില്ലായെന്നുള്ള ആക്ഷേപം വന്നപ്പോൾ പ്രാഥമിക സഹകരണ സംഘങ്ങൾ ഇപ്പോൾ 100-110 രൂപ കൂലി കൊടുക്കുന്ന സ്ഥാനത്ത് ഇൻകം സപ്പോർട്ട് സകീമിലൂടെ ബാക്കിവരുന്ന തുക തൊഴിലാളിയുടെ അക്കൗണ്ടിൽ നേരിട്ട് കൊടുക്കാനുള്ള തീരുമാനമാണ് എടുത്തത്. ഇടനിലക്കാർ വേണ്ടായെന്ന് തീരുമാനിച്ചു. അങ്ങനെ ബാങ്ക് അക്കൗണ്ട് തുടങ്ങിയ എല്ലാ തൊഴിലാളികൾക്കും നേരിട്ട് ഇൻകം സപ്പോർട്ട് സ്കീം നൽകിക്കൊണ്ടിരിക്കുകയാണ്. അതുപോലെ സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ മുഖേന കയർ ഭൂവസ്ത്ര വിൽപ്പന 2010-11-ലെ 2 കോടി രൂപയിൽ നിന്ന് 2011-12-ൽ 4.10 കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഈ വർഷം 16 കോടി രൂപയുടെ വിൽപ്പന നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ് അതിനാവശ്യമായ പ്രവർത്തനങ്ങളും ചർച്ചകളും നിർദ്ദേശങ്ങളുമൊക്കെ നൽകിക്കഴിഞ്ഞിട്ടുണ്ട്. അതുപോലെ ആഭ്യന്തരവിപണിയിലും വിദേശവിപണിയിലും കയർ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ബഹുമാന്യനായ ശ്രീ. ജി. സുധാകരൻ കയർ വകുപ്പുമന്ത്രി ആയിരിക്കുന്ന കാലഘട്ടത്തിലാണ് കയർ കേരള എന്നൊരാശയം നടപ്പിലാക്കിയത്. വളരെ വിജയകരമായി അതിനൊരു തുടക്കം കുറിക്കാൻ സാധിച്ചു. കഴിഞ്ഞ വർഷവും അത്

തുടർന്നു. 2013--വർഷത്തേയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വിദേശരാജ്യങ്ങളിൽ നിന്നും നിരവധി ആളുകൾ ഇവിടെ വരാനും കയർ ഉൽപന്നങ്ങൾക്ക് കൂടുതൽ വിൽപ്പന കണ്ടെത്തുവാനും കഴിഞ്ഞു. കയറ്റുമതിരംഗത്ത് ഒരു മാറ്റം കണ്ടെത്തുവാൻ കഴിഞ്ഞതും കയർ കേരള എന്ന പരിപാടി നടത്തിയതിലൂടെ കയറ്റുമതി വിപുലീകരിക്കാൻ കഴിയുന്നുവെന്നുള്ളതും വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. അതുകൊണ്ടുതന്നെ ഈ ആശയവുമായി മുന്നോട്ടുപോകാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. 2011-12 സാമ്പത്തിക വർഷം 59000 കയർ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനായി 20.97 കോടി രൂപയും 17481 കയർ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളായി 4.60 കോടി രൂപയും ഇതിനോടകം തന്നെ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ബെന്നി ബെഹനാൻ: സർ, കഴിഞ്ഞ ഗവൺമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുകൊണ്ട് 2006 മുതൽ 2011 വരെ കയർ മേഖലയിൽ പണിയെടുത്തിരുന്ന തൊഴിലാളികൾക്ക് പെൻഷനും ആനുകൂല്യങ്ങളും കൊടുത്തു.. 1997–1998 മുതൽ 2005–2006 വരെയുള്ള തൊഴിലാളികൾക്ക് ഒരു ആനുകൂല്യങ്ങളും കൊടുത്തിട്ടില്ല. അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘ

ട്ടത്തിൽ 01-04-2006 മുതൽ 31-03-2011 വരെ റിട്ടയർ ചെയ്തവർക്കാണ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകിയത്. എന്നാൽ 2006-ന് മുമ്പ് റിട്ടയർ ചെയ്തവർക്ക് ആനുകൂല്യങ്ങൾ നൽകിയിരുന്നില്ല. 1997-1998 മുതൽ 2005-2006 വരെ വിരമിച്ച ഉദ്ദേശം 16100 തൊഴിലാളികൾക്ക് റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കാതിരിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രിയെത്തന്നെ അവരിൽ പലയാളുകളും നേരിട്ട് സമീപിക്കുകയുണ്ടായി. അവരുടെ ആവലാതികൾ അദ്ദേഹത്തെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 1997-1998 മുതൽ 2005-2006 വരെ റിട്ടയർ ചെയ്ത 16,000-ത്തിലധികം വരുന്ന തൊഴിലാളികൾക്കുകൂടി റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ഘട്ടംഘട്ടമായി കൊടുക്കുന്നതിന് തീരുമാനമെടുത്തിരിക്കുകയാണ്. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഫോംമാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ കയർ, കമ്പോസിറ്റ് ബോർഡ് ഫാക്ടറി, കയർ മേഖലയിലെ എല്ലാത്തരം മെഷിനറികളും നിർമ്മിക്കുന്ന ഫാക്ടറി ഇവയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. എം.സി.ആർ.-മായി വികസിപ്പിച്ചെടുത്ത ഉൽപ്പാദനക്ഷമതയോടുകൂടിയ സ്പിന്നിംഗ് മെഷീൻ കയർ മേഖലയ്ക്ക് ഉടൻ സമർപ്പിക്കുന്നതാണ്. കയർ പിത്ത് ഉപയോഗിച്ചുകൊണ്ടുള്ള ചപ്പൽ, ചകിരിനാര് ഉപയോഗിച്ചുകൊണ്ടുള്ള ആഭരണങ്ങൾ, കരകൗശല വസ്തുക്കൾ തുടങ്ങിയവ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുവാനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. 18 കോടി രൂപ

മുതൽ മുടക്കിൽ ഒരു പി.വി.സി. ടഫ്റ്റഡ് ഉൾപ്പെടെയുള്ള ഒരു കയർ ഉൽപ്പന്ന സമുച്ചയം കയർ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 90.05 കോടി രൂപയായിരുന്നു വകയിരുത്തിയിരുന്നത്. അതിൽ 89.975 കോടി രൂപ ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതായത് 99.92 ശതമാനം ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രാവശ്യം 104.70 കോടി രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പരമ്പരാഗത വ്യവസായമായ കയർ വ്യവസായ രംഗത്ത് കൂടുതൽ ഉണർവ്വോടുകൂടി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടികളുമായി മുമ്പോട്ടുപോകുവാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. ഇത് അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ച സന്ദർഭത്തിൽ അനീഷ് രാജിനെ കൊലപ്പെടുത്തിയ പ്രതികളെ പിടികൂടാത്തത് സംബന്ധിച്ച് പറഞ്ഞപ്പോൾ, ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് അതിൽ രണ്ടുപേർ മാത്രമേ കോൺഗ്രസ്സുകാരായിട്ടുവെന്നും ബാക്കിയുള്ളവരൊന്നും കോൺഗ്രസ്സുകാരല്ല എന്നുമാണ്. ശ്രീ. കെ.കെ. നാരായണന്റെ ചോദ്യത്തിന് ഉത്തരമായി.പതിനൊന്നാം തീയതി ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ നൽകിയിട്ടുള്ള ഉത്തരത്തിൽ 5 പേരുകൾ പറയുകയും അവർ കോൺഗ്രസ്സ്

(ഐ)-ക്കാർ ആണെന്നുള്ള സ്റ്റേറ്റ്മെന്റ് ഞങ്ങൾക്ക് കിട്ടുകയും ചെയ്തിട്ടുണ്ട്. അതിന് വിരുദ്ധമായി നിയമസഭയെ തെറ്റിദ്ധരിപ്പിക്കത്തക്കവിധത്തിൽ ആഭ്യന്തരവകുപ്പുമന്ത്രി നടത്തിയ പ്രസ്താവനയെക്കുറിച്ച് ബഹുമാനപ്പെട്ട ചെയർ പരിശോധിക്കണം. ഏതാണ് ശരിയായിട്ടുള്ളത് എന്ന് ഈ സഭയ്ക്ക് അറിയണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,. എന്താണ് പറഞ്ഞതെന്ന് ഞാൻ പരിശോധിക്കാം. പരിശോധിച്ചതിനുശേഷം സഭയെ അറിയിക്കാം.

മി. സ്പീക്കർ: ശ്രീ. കെ. കുഞ്ഞിരാമൻ, അങ്ങ് ഒരു കാര്യം ചെയറിന് ഇപ്പോൾ എഴുതി തന്നു. രേഖകൾ പരിശോധിച്ചിട്ട് ചെയർ നാളെ പറയുന്നതാണ്. .....(ബഹളം).... നോ....നോ....അങ്ങ് എഴുതിത്തന്നിട്ട് 5 മിനിറ്റേ ആയിട്ടുള്ളൂ പ്ലീസ്...നാളെ ആകട്ടെ. അങ്ങ് തന്നിട്ട് 5 മിനിറ്റല്ലേ ആയിട്ടുള്ളൂ. അങ്ങൊരു കാര്യം ചെയറിന് എഴുതിത്തന്നാൽ, എന്താണ് പറഞ്ഞിട്ടുള്ളതെന്നുള്ള എനിക്ക് രേഖകൾ പരിശോധിച്ചു നോക്കണം. ബഹളത്തിനിടയിൽ പലതും കേട്ടില്ല. തീർച്ചയായും രേഖ പരിശോധിക്കും. ഇപ്പോൾ പറഞ്ഞതല്ലേയുള്ളൂ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പ്രതിപക്ഷ നേതാവ് സംസാരിച്ച സമയത്ത് എന്നെക്കൂടി പരാമർശിച്ച് ചില കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ എഴുന്നേറ്റതാണ്. ഒന്ന്, അദ്ദേഹം പറഞ്ഞത് ശ്രീ. ജോൺ മത്തായിയുടെ പേരിലുള്ള കേസ് പിൻവലിച്ച കാര്യമാണ്.

ആരാണ് ഈ ജോൺ മത്തായി? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രതിപക്ഷ നേതാവ് ഒരു പ്രസ്താവന നടത്തി. യു.ഡി.എഫ്. ഗവൺമെന്റും മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും ഗൂഢാലോചന നടത്തി ശ്രീ. റിയാസുദ്ദീനെ ചീഫ് സെക്രട്ടറിയാക്കാതിരിക്കാൻ ശ്രമിക്കുന്നുവെന്ന്. അദ്ദേഹം ഈ പ്രസ്താവന നടത്തിയത് മലപ്പുറത്തുവച്ചാണ് . ഞങ്ങൾ എല്ലാക്കാലത്തും ചീഫ് സെക്രട്ടറിമാരെ നിയമിച്ചിട്ടുള്ളത് സീനിയോറിറ്റി അനുസരിച്ചാണ്. ശ്രീ. റിയാസുദ്ദീനായിരുന്നു സീനിയോറിറ്റി, പ്രതിപക്ഷ നേതാവിന്റെ അഭിപ്രായവും അതുതന്നെയാണെന്ന് ഞാൻ ധരിച്ചു, അദ്ദേഹത്തെ നിയമിച്ചു. പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായി വന്ന് ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ, ചീഫ് സെക്രട്ടറിയാക്കാതിരിക്കാൻ ഗൂഢാലോചന നടത്തി എന്നുപറഞ്ഞ് ബഹളം കൂട്ടിയ അദ്ദേഹംതന്നെ റിയാസുദ്ദീനെ മാറ്റി പകരം ജോൺ മത്തായിയെ ചീഫ് സെക്രട്ടറിയാക്കി. ശ്രീ. റിയാസുദ്ദീൻ സീനിയറാണ്. അദ്ദേഹത്തിന് റിട്ടയർ ചെയ്യാൻ മാസങ്ങൾ മാത്രമേയുണ്ടായിരുന്നുള്ളൂ. ഒരു കരുണയും കാട്ടാതെ അദ്ദേഹത്തെ മാറ്റി ജോൺ മത്തായിയെ ചീഫ് സെക്രട്ടറിയാക്കി. ജോൺ മത്തായി നാലഞ്ച് മാസങ്ങൾ കഴിഞ്ഞപ്പോൾ റിട്ടയർ ചെയ്തു. അദ്ദേഹത്തെ എന്താണ് ചെയ്തതെന്ന് അറിയാമോ? അദ്ദേഹത്തെ ഇവിടത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്ന, അതിന്റെ കാര്യങ്ങൾ നോക്കുന്ന റിയാബിന്റെ ചെയർമാനാക്കി നിയമിച്ചു. നിങ്ങളുടെ ഗവൺമെന്റിന്റെ അവസാന നാളുകൾ വരെ,

അതായത് മാർച്ച് 30-ാം തീയതി വരെ അദ്ദേഹം ആ സ്ഥാനത്ത് തുടർന്നു. ശ്രീ. ജോൺ മത്തായിയുടെ പേരിലുള്ള കേസ് അദ്ദേഹം ചീഫ് സെക്രട്ടറിയായതിനുശേഷമോ റിയാബിന്റെ ചെയർമാനായതിനു ശേഷമോ ഉണ്ടായതൊന്നുമല്ല. 2002 മുതൽ 2003 വരെയുള്ള കാലഘട്ട ത്തിൽ അദ്ദേഹം അവിടത്തെ ഡയറക്ടർ ബോർഡ് സ്ഥാനം വഹിച്ച തിന്റെ പേരിലാണ്. ശ്രീ. ജോൺ മത്തായിയുടെ പേരിൽ അങ്ങനെ ഒരു കുഴപ്പമുണ്ടെങ്കിൽ അദ്ദേഹത്തെ സീനിയോറിറ്റി മറികടന്നുകൊണ്ട് ചീഫ് സെക്രട്ടറിയാക്കാമോ? അതുകഴിഞ്ഞ് നിങ്ങളുടെ ഭരണത്തിന്റെ നാലര വർഷക്കാലം അദ്ദേഹത്തിന് ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാനം കൊടുത്ത് അദ്ദേഹത്തെ റിയാബിന്റെ ചെയർമാനായിട്ടിരുത്തുകയും ചെയ്തു. നിങ്ങളുടെ കാലം മുഴുവൻ നിങ്ങളോടൊപ്പം ഏറ്റവും ഉത്തര വാദിത്വപ്പെട്ട സ്ഥാനങ്ങൾ വഹിച്ച ശ്രീ. ജോൺ മത്തായിയുടെ പേരി ലുള്ള കേസ് പിൻവലിച്ചു എന്നുള്ളതാണ് കേസ്. ഞങ്ങൾ കേസ് പിൻവലിച്ചുവെന്നുള്ളത് ശരിയാണ്. ഞങ്ങൾ എല്ലാ വശങ്ങളും പരി ശോധിച്ചു. ഞങ്ങൾ കേസ് പിൻവലിക്കുന്നതിനുമുമ്പ് നയപരമായ ഒരു തീരുമാനമെടുത്തു. ഈ അവസരം അതുകൂടി വ്യക്തമാക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. ഒരു ഉദ്യോഗസ്ഥനെ ഡയറക്ടർ ബോർഡ് യോഗത്തിൽ പങ്കെടുത്തു എന്നതിന്റെ പേരിൽ പ്രതിയാക്കു ന്നത് തെറ്റാണെന്നുള്ളതാണ് യു.ഡി.എഫ്.-ന്റെ തീരുമാനം. ആ തീരു മാനത്തിന്റെ അടിസ്ഥാനത്തിലാണ് കേസ് പിൻവലിച്ചത്. അല്ലാതെ ഒരു

വ്യക്തിക്കുവേണ്ടിയെടുത്ത തീരുമാനമല്ല. അങ്ങനെയാണെങ്കിൽ ഉദ്യോഗസ്ഥന്മാർ എങ്ങനെ ഡയറക്ടർ ബോർഡിൽ പോകും?

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഞങ്ങളുടെ കാലത്ത് അയാളെപ്പറ്റി അങ്ങനെയുള്ള ആക്ഷേപം വന്നിട്ടില്ല. വിജിലൻസല്ലേ കേസെടുത്തതെന്നാണ് ഞാൻ ചോദിച്ചത്?

ശ്രീ. ഉമ്മൻ ചാണ്ടി: ഞങ്ങൾ പരിശോധിച്ചു. ബോർഡിൽ പങ്കെടുത്തതിന്റെ പേരിൽ ഉദ്യോഗസ്ഥന്മാരെ പ്രതിയാക്കിയാൽ ആര് ബോർഡിൽ പോകും? അഴിമതിയിൽ പങ്കുണ്ടെങ്കിൽ, സ്വജനപക്ഷപാതത്തിൽ പങ്കുണ്ടെങ്കിൽ, ഗവൺമെന്റിന് നഷ്ടം വരുത്തിയതിൽ പങ്കുണ്ടെങ്കിൽ പ്രതിയാക്കും. 5 വർഷക്കാലം ചീഫ് സെക്രട്ടറിയായും, റിയാബിന്റെ ചെയർമാനുമൊക്കെയായി ഉന്നതസ്ഥാനത്ത് നിയമിച്ചിട്ട്, ഈ സ്ഥാനങ്ങളൊക്കെ വഹിക്കുന്നതിന് മുമ്പുള്ള കാലഘട്ടത്തിലെ പരാതിയാണ്. അത്തരം ആക്ഷേപത്തിന്റെ പേരിൽ......(തടസ്സം). . . ഞാൻ ചോദിക്കട്ടെ, അങ്ങനെയാണെങ്കിൽ അങ്ങ് 5 കൊല്ലം ഭരണത്തിൽ ഇരുന്നപ്പോൾ നിങ്ങൾ നടപടിയെടുക്കാഞ്ഞതെന്താണ്? പ്രതിപക്ഷനേതാവേ, അങ്ങേയ്ക്ക് അങ്ങയുടെ സഹപ്രവർത്തകരെപ്പോലും വിശ്വസിപ്പിക്കാൻ പറ്റാത്ത കാര്യങ്ങൾ ഇവിടെ പറഞ്ഞാൽ എന്ത് ചെയ്യാൻ സാധിക്കും? ഇതുപോലെയുള്ള ആക്ഷേപങ്ങളുമായി വരരുതെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. ആർ.സി.സി.-യിലെ ഒരു നിയമനവുമായി ബന്ധപ്പെട്ട പ്രശ്നത്തെ സംബന്ധിച്ച് അങ്ങ് ഇവിടെ പറഞ്ഞു. കോ

ടതിയുടെ പരിഗണനയിലിരിക്കുന്നതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല. ആ കാര്യത്തിലും എന്റെ നിലപാട് വളരെ വ്യക്തമാണ്. അത് വ്യക്തമാക്കേണ്ട സമയത്ത് വ്യക്തമാക്കും. ശ്രീ. കെ. സുധാകരന്റെ കാര്യത്തിൽ ഗവൺമെന്റ് ഇരട്ടത്താപ്പു നയമാണ് സ്വീകരിക്കുന്നതെന്നു പറഞ്ഞു. ഗവൺമെന്റ് ഒരിക്കലും ഇരട്ടത്താപ്പ് നയം സ്വീകരിക്കില്ല. ശ്രീ. ഗോപിനാഥിനെ അന്വേഷണ ചുമതല ഏൽപ്പിച്ചതിനുകാരണം മലപ്പുറത്തെ സംഭവമുണ്ടായപ്പോൾ, അതന്വേഷിക്കുന്നതിനുള്ള ചുമതല ഇദ്ദേഹത്തിനാണ് നൽകിയിരുന്നത്. ഗോപിനാഥാണ് ആ റെയ്ഞ്ചിന്റെ ഐ.ജി. അതുപോലെതന്നെ ഈ സംഭവം നടക്കുമ്പോൾ അദ്ദേഹം കണ്ണൂർ പ്രദേശത്തിന്റെ ചുമതലയുള്ള ഐ.ജി. ആയിരുന്നു. അപ്പോൾ ഒരിടത്ത് ഒരു തീരുമാനമെടുക്കുകയും വേറൊരിടത്ത് മറ്റൊരു തീരുമാനമെടുക്കുകയും ചെയ്യുമ്പോൾ നിങ്ങൾ അതിനെ ചോദ്യം ചെയ്താൽ ഞങ്ങൾക്ക് മറുപടി പറയാൻ പറ്റാത്തതുകൊണ്ടാണ് ഞങ്ങൾ ശ്രീ. ഗോപിനാഥനെ വച്ചത്.. ശ്രീ. ഗോപിനാഥിന്റെ കാര്യത്തിൽ നിങ്ങൾ റിസർവേഷൻ പറഞ്ഞ ആ സമയത്ത്, ഈ സഭയിൽവച്ച് ഞങ്ങൾ പറഞ്ഞു അദ്ദേഹത്തെ മാറ്റിയേക്കാമെന്ന്. കാരണം ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. ആരെയും സംരക്ഷിക്കാനുമില്ല. ഇരട്ടത്താപ്പ് നയവുമില്ല. അങ്ങേയ്ക്ക് ഒരു സംശയവും വേണ്ട. അങ്ങ് ആഗ്രഹിക്കുന്നതുപോലെ ഇപ്പോൾ കേസ്സിന്റെ അന്വേഷണം പോകുന്നുണ്ടല്ലോ? മറ്റ് കേസ്സുകളുടെ കാര്യത്തിലും അതുപോലെതന്നെ നടക്കും. ഏതാണോ ശരി അതനുസ

രിച്ച് പോകും. അങ്ങ് അനീഷ് രാജിന്റെ കാര്യം പറഞ്ഞു. അനീഷ് രാജിന്റെ കേസ് അന്വേഷിക്കുന്നതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒരു സി.ഐ.ടി.യു.-ക്കാരനെ ആക്രമിച്ചതിന്റെ പേരിൽ, സ്വന്തം പാർട്ടിക്കാരുടെ പേരിൽ പോലീസ് കേസെടുത്ത കാര്യവും അങ്ങ് അവിടെ ചെന്നപ്പോൾ അറിഞ്ഞുകാണുമല്ലോ? . അത് എല്ലാ പത്രങ്ങളിലും വന്നു. ഈ ലോകം മുഴുവനുമറിഞ്ഞു. പോലീസിന് പ്രതികളെ ഉണ്ടാക്കാൻ സാധിക്കില്ല. പ്രതികൾ ആരായിരുന്നാലും അവരെ കണ്ടെത്തുക തന്നെ ചെയ്യുമെന്ന് മാത്രം പറയുകയാണ്.

<u>ശ്രീ. ഇ.പി. ജയരാജൻ</u> : സർ, ഇരുപത്തിയഞ്ച് വർഷം മുമ്പ് നടന്ന ഒരു കാര്യത്തെ സംബന്ധിച്ച് ഒരാൾ പ്രസംഗിക്കുന്നു. ആ പ്രസംഗിച്ച ആൾ തന്നെ ഞാൻ അങ്ങനെയല്ല ഉദ്ദേശിച്ചതെന്ന് പറഞ്ഞ് തിരുത്തുന്നു. ശ്രീ. എം.എം. മണിക്കെതിരെ നിങ്ങൾ എഫ്.ഐ.ആർ. ഇട്ടില്ലേ? നിങ്ങൾ ഇവിടെ പ്രസംഗിച്ചതിനെതിരെ എഫ്.ഐ.ആർ. ഇട്ടോ? എന്തുകൊണ്ടാണ് നിങ്ങൾ നടപടി സ്വീകരിക്കാത്തത്? ശ്രീ. കെ. സുധാകരന്റെ സന്തതസഹചാരിയായ ശ്രീ. പ്രശാന്ത് ബാബുവിന്റെ ആ വെളിപ്പെടുത്തലിനുമേൽ എന്തുകൊണ്ട് അങ്ങ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നില്ല?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : ഇതിനകത്ത് ഇരട്ടത്താപ്പ് ഒന്നുമില്ല. ശ്രീ. കെ. സുധാകരന്റെ കാര്യത്തിലും മൂന്നാമതൊരാൾ ഒരു വെളിപ്പെടുത്തൽ നടത്തിയപ്പോൾതന്നെ അത് സംബന്ധിച്ച് അന്വേഷിക്കാൻ തീരുമാനിച്ചു. അന്വേഷണ ഉദ്യോഗസ്ഥനെ സംബന്ധിച്ച് നിങ്ങൾ സംശയം പ്രകടിപ്പിച്ച

പ്പോൾ ആ ഉദ്യോഗസ്ഥനെ മാറ്റി വേറൊരു ഉദ്യോഗസ്ഥനെ നിയമിച്ചു. ആ അന്വേഷണവും നീതിപൂർവ്വമായി മുമ്പോട്ടുപോകും. അതിന്റേതായ നിയമനടപടികൾ പൂർത്തിയാക്കിയായിരിക്കും മുമ്പോട്ട് പോകുന്നത്.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ : ഇതുസംബന്ധിച്ച് ഒരു കേസ് വേണ്ടേ? എഫ്.ഐ. സ്റ്റേറ്റ്മെന്റ് സംബന്ധിച്ച് എന്തെങ്കിലും ഒരു കേസ് എടുത്തിട്ടുവേണ്ടേ അന്വേഷണം തുടങ്ങാൻ. ശ്രീ. ജോൺ മത്തായി യുടെ കാര്യം ഞാൻ ആവശ്യപ്പെട്ടല്ലോ? കോടതി അംഗീകാരം നൽകാത്ത ഒരു പ്രശ്നത്തിലാണ് മുഖ്യമന്ത്രി ഇടപെട്ട് അയാളെ ഒഴിവാക്കിയത്. അതാണ് ഞാൻ ചോദിച്ചത്? അങ്ങനെയാണെങ്കിൽ അതുസംബന്ധിച്ച് ഒരു സി.ബി.ഐ. അന്വേഷണത്തിന് അങ്ങ് തയ്യാറുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി : അഞ്ച് കൊല്ലം ഇരുന്നിട്ടും ഇതിനെക്കുറിച്ചൊന്നും ചിന്തിക്കാൻ അങ്ങേയ്ക്ക് തോന്നിയില്ലല്ലോ?

<u>മി. സ്പീക്കർ:</u> സർവ്വശ്രീ. എം.എ. ബേബി, എ.കെ. ബാലൻ, എം. ചന്ദ്രൻ, ഇ.പി. ജയരാജൻ, കോടിയേരി ബാലകൃഷ്ണൻ, കെ. രാധാകൃഷ്ണൻ, എസ്. ശർമ്മ, കെ. വി. വിജയദാസ്, പി. ശ്രീരാമകൃഷ്ണൻ,. ബി. സത്യൻ, സി. കെ. സദാശിവൻ, രാജു എബ്രഹാം, സി. ദിവാകരൻ, മുല്ലക്കര രത്നാകരൻ, കെ. അജിത്, ഇ.കെ. വിജയൻ, ചിറ്റയം ഗോപകുമാർ, വി. ശശി, എ.കെ. ശശീന്ദ്രൻ, കെ. വി. അബ്ദുൾ ഖാദർ, ബാബു എം. പാലിശ്ശേരി, കെ. ദാസൻ, ബി.ഡി. ദേവസ്സി, എം. ഹംസ, സി. കൃഷ്ണൻ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ. കുഞ്ഞിരാമൻ (ഉദുമ), കെ.കെ. നാരായണൻ,പി.ടി.എ. റഹീം, എസ്. രാജേന്ദ്രൻ ശ്രീമതിമാർ ഇ.എസ്. ബിജിമോൾ, ഗീതാ ഗോപി,പി. അയിഷാ പോറ്റി, പ്രൊഫ. സി. രവീന്ദ്രനാഥ്. എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ തതതഢകകാം നമ്പർ ധനാഭ്യർത്ഥനയ്ക്കവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളിയിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2012

–13 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.....................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദുറബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. മഞ്ഞളാംകുഴി അലി
10. ശ്രീ. എ. പി. അനിൽകുമാർ
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. വി. റ്റി. ബൽറാം

16. ശ്രീ. പി. കെ. ബഷീർ
17. ശ്രീ. ബെന്നി ബെഹനാൻ
18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
19. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
20. ശ്രീ. കെ. ബി. ഗണേഷ് കുമാർ
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. പി. സി. ജോർജ്
23. ശ്രീ. ഹൈബി ഈഡൻ
24. ശ്രീമതി പി. കെ. ജയലക്ഷ്മി
25. ഡോ. എൻ. ജയരാജ്
26. ശ്രീ. കെ. സി. ജോസഫ്
27. ശ്രീ. പി. ജെ. ജോസഫ്
28. ശ്രീ. ജോസഫ് വാഴക്കൻ
29. ശ്രീ. വർക്കല കഹാർ
30. ശ്രീ. കെ. എൻ. എ. ഖാദർ
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. റ്റി. യു. കുരുവിള
33. ശ്രീ. ലൂഡി ലൂയിസ്
34. ശ്രീ. പി. എ. മാധവൻ
35. ശ്രീ. സി. മമ്മൂട്ടി
36. ശ്രീ. കെ. എം. മാണി
37. ശ്രീ. കെ. പി. മോഹനൻ
38. ശ്രീ. സി. മോയിൻകുട്ടി
39. ശ്രീ. മോൻസ് ജോസഫ്
40. ശ്രീ. സി. പി. മുഹമ്മദ്
41. ശ്രീ. ആര്യാടൻ മുഹമ്മദ്

42. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
43. ഡോ. എം. കെ. മുനീർ
44. ശ്രീ. കെ. മുരളീധരൻ
45. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
46. ശ്രീ. ഉമ്മൻ ചാണ്ടി
47. ശ്രീ. അടൂർ പ്രകാശ്
48. ശ്രീ. ടി. എൻ. പ്രതാപൻ
49. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
50. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
51. ശ്രീ. പാലോട് രവി
52. ശ്രീ. റോഷി അഗസ്റ്റിൻ
53. ശ്രീ. വി. പി. സജീന്ദ്രൻ
54. ശ്രീ. എൻ. ശക്തൻ
55. ശ്രീ. വി. ഡി സതീശൻ
56. ശ്രീ. ആർ. സെൽവരാജ്
57. ശ്രീ. ഷാഫി പറമ്പിൽ
58. ശ്രീ. കെ. എം. ഷാജി
59. ശ്രീ. എം. ഷംസുദീൻ
60. ശ്രീ. ഷിബു ബേബി ജോൺ
61. ശ്രീ. കെ. ശിവദാസൻ നായർ
62. ശ്രീ. വി. എസ്. ശിവകുമാർ
63. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
64. ശ്രീ. സണ്ണി ജോസഫ്
65. ശ്രീ. സി. എഫ്. തോമസ്
66. ശ്രീ. തോമസ് ഉണ്ണിയാടൻ
67. ശ്രീ. പി. ഉബൈദുള്ള

68. ശ്രീ. എം. ഉമ്മർ
69. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
70. ശ്രീ. എം. എ. വാഹീദ്
71. ശ്രീ. എം. പി. വിൻസെന്റ്
72. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. എ. എ. അസീസ്
7. ശ്രീ. ബാബു എം. പാലിശ്ശേരി
8. ശ്രീ. എം. എ. ബേബി
9. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
10. ശ്രീ. എ. കെ. ബാലൻ
11. ശ്രീമതി ഇ. എസ്. ബിജിമോൾ
12. ശ്രീ. എം. ചന്ദ്രൻ
13. ശ്രീ. ഇ. ചന്ദ്രശേഖരൻ
14. ശ്രീ. വി. ചെന്താമരാക്ഷൻ
15. ശ്രീ. കെ. ദാസൻ
16. ശ്രീ. ബി. ഡി. ദേവസ്സി
17. ശ്രീ. സി. ദിവാകരൻ
18. ശ്രീമതി ഗീതാ ഗോപി
19. ശ്രീ. ചിറ്റയം ഗോപകുമാർ

20. ശ്രീ. പി. കെ. ഗുരുദാസൻ
21. ശ്രീ. എം. ഹംസ
22. ശ്രീ. ജെയിംസ് മാത്യു
23. ഡോ. കെ. ടി. ജലീൽ
24. ശ്രീ. കെ. കെ. ജയചന്ദ്രൻ
25. ശ്രീ. ഇ.പി. ജയരാജൻ
26. ശ്രീ. എളമരം കരീം
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
29. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
30. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
31. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. സി. കെ. നാണു
34. ശ്രീ. കെ. കെ. നാരായണൻ
35. ശ്രീ. എ. പ്രദീപ്കുമാർ
36. ശ്രീ. പുരുഷൻ കടലുണ്ടി
37. ശ്രീ. കെ. രാധാകൃഷ്ണൻ
38. ശ്രീ. പി. റ്റി. എ. റഹീം
39. ശ്രീ. എസ്. രാജേന്ദ്രൻ
40. ശ്രീ. ആർ. രാജേഷ്
41. ശ്രീ. റ്റി. വി. രാജേഷ്
42. ശ്രീ. കെ. രാജു
43. ശ്രീ. മുല്ലക്കര രത്നാകരൻ
44. പ്രൊഫ. സി. രവീന്ദ്രനാഥ്
45. ശ്രീ. സി. കെ. സദാശിവൻ

46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ
48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. വി. ശശി
50. ശ്രീ. എ. കെ. ശശീന്ദ്രൻ
51. ശ്രീ. ബി. സത്യൻ
52. ശ്രീ. വി. ശിവൻകുട്ടി
53. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
54. ശ്രീ. ജി. സുധാകരൻ
55. ശ്രീ. വി. എസ്. സുനിൽകുമാർ
56. ശ്രീ. കെ. സുരേഷ് കുറുപ്പ്
57. ശ്രീ. പി. തിലോത്തമൻ
58. ശ്രീ. ഇ. കെ. വിജയൻ
59. ശ്രീ. കെ. വി. വിജയദാസ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 72

പ്രതികൂലിക്കുന്നവർ - 59

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ചർച്ച കൂടാതെ പാസാക്കുന്ന ധനാഭ്യർത്ഥനകൾ

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്ക് IV, VII, X, XVI, XXIII, XXVIII എന്നീ

ധനാഭ്യർത്ഥനകളിന്മേലുള്ള സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനുമെന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനുമെന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥ

നയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2012-2013 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........................

പ്രതികൂലിക്കുന്നവർ ........................

ധനാഭ്യർത്ഥനകൾ പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

(ടൂറിസം വകുപ്പിന്റെ വികസനപ്രവർത്തനങ്ങൾ നിയമസഭാ അംഗങ്ങളെ പരിചയപ്പെടുത്തുന്നതിന് 'വിജയപഥം' എന്ന പരിപാടി ഇന്ന് വൈകുന്നേരം 6.30-ന് മസ്ക്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിന് നിയമസഭാ

ഹോസ്റ്റലിൽ നിന്നും വൈകുന്നേരം 6.00 മണിക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്)

ഓർഡർ..............ഓർഡർ........... സഭ ഇപ്പോൾ പിരിയുന്നതും. നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ജൂലൈ മാസം 12-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.18-ന് പിരിഞ്ഞു.)

********